بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാള്യം 9 | ലക്കം 3

# ബദർ
വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ജനുവരി 18/ ഹി.ശം 1403 സ്വുൽഹ് 18/1445 റജബ് 5


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا اسۡتَجِيۡبُوۡا لِلّٰهِ وَلِلرَّسُوۡلِ اِذَا دَعَاكُمۡ لِمَا يُحۡيِيۡكُمۡ

വിശ്വസിച്ചവരേ!അല്ലാഹുവിനും അവന്റെ ദൂതനും -നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ-ഉത്തരം നല്കുക.

.(വിശുദ്ധ ഖുർആൻ 8:25)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2500)ഉഖ്ബത്ത്(റ)പറയുന്നു:നബി(സ)തിരുമേനി തന്റെ അനുയായികൾക്കിടയിൽ ഭാഗിച്ചുകൊടുക്കുവാൻ അദ്ദേഹത്തിന്റെ പക്കൽ കുറെ ആടുകളെ ഏല്പിച്ചു. എല്ലാവർക്കും കൊടുത്തു കഴിഞ്ഞപ്പോൾ ഒരാട്ടിൻകുട്ടി ബാക്കിവന്നു. ഈ വിവരം അദ്ദേഹം നബിതിരുമേനിയെ ധരിപ്പിച്ചു. നീ തന്നെ അതിനെ ബലിയറുക്കുക എന്ന് നബി(സ) പറഞ്ഞു.

(2501)അബ്ദുല്ലാഹ് ബിൻ ഹിശാമിൽ നിന്ന് നിവേദനം. അദ്ദേഹം നബി(സ)തിരുമേനിയുടെ കാലം കണ്ടയാളാണ്. അദ്ദേഹത്തിന്റെ മാതാവ് സയ്നബ് ബിൻത് ഹമീദ് അദ്ദേഹത്തേയുംകൊണ്ട് ഒരിക്കൽ നബി(സ)തിരുമേനിയുടെ മുമ്പിൽച്ചെന്നു. ശേഷം അവർ പറഞ്ഞു: ഈ കുട്ടിയിൽനിന്ന് ബയ്അത്ത് വാങ്ങിയാലും. നബി(സ)തിരുമേനി പറഞ്ഞു:അവൻ ചെറുതാണ്. നബി(സ)അവന്റെ തലയിൽ തടവുകയും അവനുവേണ്ടി ദുആ ചെയ്യുകയും ചെയ്തു.
(സ്വഹീഹുൽബുഖാരി വാള്യം 4, കിതാബു അശ്ശിർക്ക, പ്രസാധനം 2008 ഖാദിയാൻ)

**ഏതെങ്കിലും ഭൗതികസമ്പത്തോ ഭരണമോ ധനമോ ആദരവോ മക്കളുടെ ആധിക്യമോ ആർക്കെങ്കിലും എന്തെങ്കിലും സന്തോഷത്തിനോ സമാധാനത്തിനോ ശാന്തിക്കോ നിമിത്തമാകുമെന്ന് വിചാരിക്കരുത്. ഒരിക്കലുമല്ല. സ്വർഗത്തിലെ സമ്മാനങ്ങളിൽപ്പെട്ട ആ ശാന്തിയും ആ സംതൃപ്തിയും ആ സമാധാനവും ഇക്കാര്യങ്ങൾകൊണ്ടു ലഭിക്കുകയില്ല. അത് അല്ലാഹുവിൽത്തന്നെ ജീവിച്ചിരിക്കുന്നവനും മരിക്കുന്നവനുമാണ് ലഭിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇനി നരകമെന്താണെന്ന് മനസ്സിലാക്കേണ്ടതാണ്. മരിച്ചതിനുശേഷം കിട്ടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതാണ് ഒരു നരകം. അല്ലാഹു അത്തരം മനുഷ്യനെ ബുദ്ധിമുട്ടിൽനിന്ന് രക്ഷിക്കുന്നതിനും ആശ്വാസം നല്കുന്നതിനും മുതവല്ലിയാകുകയില്ല. ഏതെങ്കിലും ഭൗതികസമ്പത്തോ ഭരണമോ ധനമോ ആദരവോ മക്കളുടെ ആധിക്യമോ ആർക്കെങ്കിലും എന്തെങ്കിലും സന്തോഷത്തിനോ സമാധാനത്തിനോ ശാന്തിക്കോ നിമിത്തമാകുമെന്നും വിചാരിക്കരുത്. അത് രൊക്കംകിട്ടുന്ന സ്വർഗംതന്നെയാണോ? ഒരിക്കലുമല്ല. സ്വർഗത്തിലെ സമ്മാനങ്ങളിൽപ്പെട്ട ആ ശാന്തിയും ആ സംതൃപ്തിയും ആ സമാധാനവും ഇക്കാര്യങ്ങൾകൊണ്ടു ലഭിക്കുകയില്ല. അത് അല്ലാഹുവിൽത്തന്നെ ജീവിച്ചിരിക്കുന്നവനും മരിക്കുന്നവനുമാണ് ലഭിക്കുന്നത്. ഇതിനുവേണ്ടിയാണ് നബിമാർ അലയ്ഹിമുസ്സലാം പ്രത്യേകിച്ചും ഇബ്റാഹീമും യഅ്ഖൂബും അലയ്ഹിമസ്സലാം വസ്വിയ്യത്ത് ചെയ്തത്. ലാ തമൂത്തുന്ന ഇല്ലാ വ അൻതും മുസ്ലിമൂൻ(2:133)അല്ലാഹുവിനോടു പരിപൂർണമായും അനുസരണം പുലർത്തുന്നവരായിട്ടല്ലാതെ നിങ്ങൾ മരിക്കരുത്. ഭൗതികലോകത്തിലെ ആനന്ദങ്ങൾ ഒരു തരത്തിലുള്ള അശുദ്ധമായ അസൂയ ഉണ്ടാക്കി ആഗ്രഹത്തേയും ദാഹത്തേയും വർധിപ്പിക്കുന്നു. ദാഹരോഗിയെപോലെ ദാഹം ഒരിക്കലും ശമിക്കുകയില്ല. അങ്ങനെ അവൻ നാശമടയുന്നു. അതുകൊണ്ട് ഈ അനാവശ്യമായ ആഗ്രഹങ്ങളുടേയും ഇച്ഛകളുടേയും അഗ്നിയും മുകളിൽപ്പറഞ്ഞ അതേ നരകത്തിന്റെ അഗ്നിപോലെയാണ്. അത് മനുഷ്യമനസ്സിനെ സൗഖ്യവും സന്തോഷവുമെടുക്കാൻ വിടുകയില്ല. പ്രത്യുത അതിനെ ഒരു ചിന്താക്കുഴപ്പത്തിലും ഗതികേടിലുമുള്ള ഉരുണ്ടുകളിയിൽ വെക്കുന്നു. അതുകൊണ്ട് എന്റെ സ്നേഹിതന്മാരുടെ ദൃഷ്ടിയിൽ നിന്ന് ഇക്കാര്യം ഒരിക്കലും മറഞ്ഞിരിക്കാൻ പാടില്ല. അതായത് മനുഷ്യൻ ധനത്തിനോടോ സമ്പത്തിനോടോ ഭാര്യയോടോ മക്കളോടോ ഉള്ള സ്നേഹത്തിന്റെ ആവേശത്തിലും ലഹരിയിലും ഉന്മാദനായി തന്റേയും അല്ലാഹുവിന്റേയുമിടയിൽ മറവീഴുംവിധം താന്തോന്നിയായി പ്രവർത്തിക്കുന്നവനാകാൻ പാടില്ല. സമ്പത്തും സന്താനങ്ങളും അതുകൊണ്ടാണ് പരീക്ഷണമെന്ന് പറയപ്പെട്ടിരിക്കുന്നത്. ഇവയിൽനിന്നും മനുഷ്യന് ഒരു നരകം തയ്യാറാകുന്നു. അവനെ അവയിൽനിന്ന് വേർപ്പെടുത്തുമ്പോൾ കഠിനമായ അസ്വസ്ഥതയും പരിഭ്രമവും പ്രകടിപ്പിക്കുന്നു. ഇപ്രകാരം നാറുല്ലാഹിൽമൂഖദത്തുല്ലത്തീ തത്ത്വലിഉ അലൽ അഫ്ഇദത്തി അല്ലാഹുവിന്റെ കത്തിച്ചു ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയാണത്, ഹൃദയങ്ങളിന്മേൽ ആളിപ്പടരുന്ന(അഗ്നി) (104:7 - 8) എന്ന കാര്യം നീക്കാവുന്ന വർണത്തിൽമാത്രം ഇരിക്കുകയില്ല. പ്രത്യുത അത് ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയുന്ന രൂപം പ്രാപിക്കുന്നു. അതുകൊണ്ട് ഈ അഗ്നി മനുഷ്യമനസ്സിനെ കത്തിച്ച് കബാബാക്കിത്തീർക്കുന്നു. ഒരു കത്തിക്കരിഞ്ഞ കരിക്കട്ടയെക്കാളും കറുത്തതും ഇരുണ്ടതുമാക്കിത്തീർക്കുന്നു. ഇത് അന്യദൈവത്തോടുള്ള സ്നേഹമാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 503, പ്രസാധനം 2018 ഖാദിയാൻ)

**ക്രിസ്ത്യാനികൾ ഹദ്റത്ത് ഈസാമസീഹിന് അസാധാരണമായ മഹത്ത്വം നല്കുകയും അദ്ദേഹത്തിൽ ചില സൽസ്വഭാവം പ്രത്യേകമായി കാണുന്നുവെന്ന് പറയുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു അക്കാര്യങ്ങൾ നിഷേധിച്ചു. ഈ എല്ലാ ഗുണങ്ങളും ഹദ്റത്ത് യഹ്യായിലുമുണ്ടെന്ന് പറയുകയും ചെയ്തു.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)സൂറ മർയമിലെ 15-ാം വചനമായ വ ബർറൻബിവാലിദയ്ഹി വലം യകുൻ ജബ്ബാറൻ അസ്വിയ്യൻ (അദ്ദേഹം തന്റെ മാതാപിതാക്കന്മാരോടു നന്നായി പെരുമാറുന്നവനും (ആയിരുന്നു). അദ്ദേഹം അനുസരണമില്ലാത്ത ധിക്കാരി ആയിരുന്നില്ല എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ബർറൻബി വാലിദയ്ഹി എന്നതിൽ അല്ലാഹു പറഞ്ഞിരിക്കുന്നത്, മാതാപിതാക്കളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം തികഞ്ഞ അനുസരണത്തോടും അനുധാവനത്തോടും കൂടിയുള്ളതായിരുന്നുവെന്നാണ്. അവർ ഇഷ്ടപ്പെട്ടിരുന്ന എല്ലാ സൽസ്വഭാവങ്ങളും അദ്ദേഹവും ഇഷ്ടപ്പെട്ടിരുന്നു. അവർ വെറുത്തിരുന്ന എല്ലാ കാര്യങ്ങളും അദ്ദേഹവും വെറുത്തിരുന്നു. വലം യകുൻ ജബ്ബാറൻഅസ്വിയ്യൻ അദ്ദേഹം ബലാൽക്കാരം ചെയ്യുന്നവനും അനുസരണം കെട്ടവനുമായിരുന്നില്ല. ഈ സൽഗുണങ്ങളാണ് അല്ലാഹു ഹദ്റത്ത് യഹ്യാ(അ)യെ കുറിച്ച് പറഞ്ഞത്. ഇതു പറയാൻ കാരണം ഹദ്റത്ത് ഈസാമസീഹിനെക്കുറിച്ച് അദ്ദേഹം എത്ര ഉന്നതമായ അധ്യാപനമാണ് നല്കിയതെന്ന് പറയാറുണ്ട്. അതായത് ദുഷ്ടനോടു എതിർക്കരുത്;നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്കുക. (മത്തായി 5:39).അല്ലാഹു പറയുന്നു:യഹ്യായും ബലാൽക്കാരം ചെയ്യുന്നവനായിരുന്നില്ല. അദ്ദേഹം നല്കിയ അധ്യാപനത്തിലും അക്രമത്തിന്റേതായ ഒരു വശവമുണ്ടായിരുന്നില്ല. ഇപ്രകാരം ക്രിസ്ത്യാനികൾ യേശുവിന്റെ വലിയൊരു ഗുണമായി എടുത്തു പറയുന്നത് ഇതാണ്:കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ.(മത്തായി 22:21)

അല്ലാഹു പറയുന്നു, യഹ്യായും അനുസരണംകെട്ടവനായിരുന്നില്ല. അദ്ദേഹം അനുസരണക്കേട് കാണിക്കരുതെന്ന പാഠം നല്കി. കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ.

ചുരുക്കിപ്പറഞ്ഞാൽ ഹദ്റത്ത് മസീഹിൽ എന്തെന്തല്ലാം സൽഗുണങ്ങൾ വിവരിക്കപ്പെടുന്നുണ്ടോഅതെല്ലാം അല്ലാഹു ഹദ്റത്ത് യഹ്യാ(അ)യ്ക്കും കൊടുത്തിട്ടുണ്ട്. ഹദ്റത്ത് മസീഹിനെക്കാൾ പദവി കുറഞ്ഞ ആളായിരുന്നു ഹദ്റത്ത് യഹ്യാ എന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ഇവിടെ പദവിയും

(ശേഷം പേജ് 11ൽ)









## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 ഡിസംബർ 1 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 ഡിസംബർ 8 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- യുദ്ധാവസ്ഥയിൽ ഇരുലോകത്തിന്റേയും നേതാവ് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ഉത്തമ മാതൃക.
- ആ മഹാത്മാവിന് ആരോടും വ്യക്തിപരമായ ശത്രുതയുണ്ടായിരുന്നില്ല. അതായത് ആ ദിവ്യാത്മാവിന്റെ മനസ്സിൽ വ്യക്തിപരമായ ശത്രുതാവികാരങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രത്യുത അല്ലാഹുവിന്റെ ദീനിനെ ഉന്മൂലനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടവർക്കെതിരെയായിരുന്നു യുദ്ധം. അല്ലാഹുവിന്റെ ദീനിനെ വിപാടനം ചെയ്യാനാഗ്രഹിച്ചവർക്കെതിരെയായിരുന്നു യുദ്ധം.
- നബി(സ)തിരുമേനി യുദ്ധനിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചു. ഉടമ്പടികളും പാലിച്ചു. അക്കാര്യങ്ങളനുസുരിച്ച് പ്രവർത്തിക്കുകയും ചെയ്തു. അസംഖ്യം നിയമങ്ങളും ചട്ടങ്ങളുമുണ്ടാക്കുകയും പക്ഷേ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന ഇക്കാല ഘട്ടത്തിലെ ലോകത്തെപോലെയായിരുന്നില്ല. പ്രത്യുത ഇരട്ടി നിലവാരമായിരുന്നു.
- അവിടത്തെ ജീവിതം വിശുദ്ധ ഖുർആനിലെ കല്പനകളുടെ കർമപരമായ വ്യാഖ്യാനമായിരുന്നു. എവിടെയൊക്കെ നീതി ന്യായം സമാധാനസ്ഥാപനത്തിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നുവോ അവയെല്ലാം കൃത്യമായി പാലിച്ചിരുന്നു.
- നബി(സ)തിരുമേനിയുടെ മാതൃക ഈ അധ്യാനത്തിന്റെ വെളിച്ചത്തിൽ എല്ലാ വശങ്ങളേയും വലയം ചെയ്യുന്നതും അതിന്റെ ഉന്നതമായ നില സ്ഥാപിക്കുന്നതുമായിരുന്നു.
- ഉഹുദു യുദ്ധത്തിന്റെ കാരണങ്ങളുടേയും പശ്ചാത്തലത്തിന്റേയും വിശദമായ ചർച്ച.
- സംഭവങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത് ഈ യുദ്ധവും ശത്രുക്കൾ തങ്ങളുടെ ശത്രുതയുടെ അഗ്നി കാരണത്താൽ ആരംഭിച്ചതായിരുന്നു. മുസ്‌ലിമീങ്ങൾക്കും നിർബന്ധിതരായി യുദ്ധത്തിന് ഇറങ്ങേണ്ടിവന്നു.
- ഫലസ്തീനിലെ പീഢിതർക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.
- ഫലസ്തീനികൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. വെടിനിറുത്തൽ അവസാനിച്ചതിനുശേഷവും അവരുടെമേൽ വിയോജിപ്പൊന്നും കൂടാതെ ബോംബുവർഷമുണ്ടാകുന്നതായിരിക്കും. നിരപരാധികൾ ശഹീദാകും. എത്രവലിയ അക്രമമായിരിക്കും? അവരുടെ ഭാവിയെ കുറിച്ച് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. വൻ ശക്തികളുടെ ഉദ്ദേശ്യങ്ങൾ വളരെ ഭയാനകമായിരിക്കും. അതുകൊണ്ട് അവർക്കുവേണ്ടി ഒരുപാടു ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

**ഖുത്ബ ജുമുഅ 2023 ഡിസംബർ 1/1402 ഫതഹ് 1**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബി(സ)തിരുമേനിയുടെ യുദ്ധങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്. അപ്പോൾ നബി(സ)തിരുമേനിയുടെ വ്യക്തിത്വവും അവിടത്തെ മാതൃകയും ഇത്തരം ഘട്ടങ്ങളിൽ എങ്ങനെയുള്ളതായിരുന്നുവെന്ന് നമുക്ക് മുന്നിൽ വ്യക്തമാകുന്നതായിരിക്കും.

ബദ്ർ യുദ്ധ സംബന്ധവുമായി നബി(സ)തിരുമേനി ബന്ദികൾക്ക് എങ്ങനെയാണ് സൗകര്യങ്ങൾ ചെയ്തു കൊടുത്തതെന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണ്. ബന്ദികൾത്തന്നെ പറയുന്നത് നബി(സ) തിരുമേനി അവരോട് നല്ലരീതിയിൽ പെരുമാറാൻ നിർദേശം നൽകിയിരുന്നുവെന്നും തന്റെ സ്വഹാബാക്കൾക്ക് നൽകുന്നതിനേക്കാൾ ഉത്തമമായ ഭക്ഷണം തങ്ങൾക്ക് നൽകിയിരുന്നുവെന്നുമാണ്. കൂടാതെ ബന്ദികളുടെ മോചന സംബന്ധമായും വളരെയേറെ ലളിതമായ നിബന്ധനകളാണ് വെച്ചിരുന്നതതെന്നും നമ്മൾ കണ്ടുകഴിഞ്ഞു. ചില ആളുകളോട് മോചനദ്രവ്യമായി മുസ്‌ലിമീങ്ങൾക്ക് എഴുത്തും വായനയും പഠിപ്പിച്ചാൽ മതിയെന്നും അവിടന്ന് പറഞ്ഞിരുന്നു.

ഇതിനെല്ലാം കാരണം നബി(സ)തിരുമേനിക്ക് ആരോടും വ്യക്തിവൈരാഗ്യമുണ്ടായിരുന്നില്ലെന്നതാണ്. അതായത് നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ ആരോടും വ്യക്തിപരമായ ശത്രുതയുടെ വികാരമുണ്ടായിരുന്നില്ല. മറിച്ച് അല്ലാഹുവിന്റെ ദീനിനെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവർക്കെതിരിലാണ് യുദ്ധം ചെയ്തിരുന്നത്. അല്ലാഹുവിന്റെ ദീനിനെ ഇല്ലായ്മ ചെയ്യുന്നവർക്കെതിരിലായിരുന്നു യുദ്ധമു ണ്ടായിരുന്നത്.

ചിലയാളുകൾ ശത്രു പക്ഷത്ത് ചില നിർബന്ധിതാവസ്ഥ കാരണം ഭാഗഭാക്കായിട്ടുണ്ടായിരുന്നു. ഇത്തരത്തിലുള്ള നിരവധി ഉദാഹരണങ്ങൾ കാണപ്പെടുന്നുണ്ട്. അവർ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്യാനഗ്രഹിച്ചിരുന്നില്ല, പക്ഷേ, നിർബന്ധിതാവസ്ഥ ഉണ്ടായിരുന്നുതാനും. അത്തരക്കാർക്ക് നബി(സ)തിരുമേനി ഒരുപാട് സാവകാശവും നൽകിയിരുന്നു. പിന്നീട് അവിടെനിന്ന് നിരവധി പേർ മുസ്‌ലിമാകുകയും ചെയ്തു.

പിന്നീട് നബി(സ)തിരുമേനി യുദ്ധനിയമങ്ങൾ നിശ്ചയിക്കുകയും കരാറുകൾ പാലിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും പരമമായ രീതിയിൽ അതിനെ കർമപഥത്തിൽ കൊണ്ടുവരുകയുണ്ടായി. വർത്തമാന കാലത്ത് നിരവധി നിയമങ്ങളും ചട്ടങ്ങളുമുണ്ടാക്കുന്നുണ്ടെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നില്ല. മാത്രമല്ല ദ്വിമുഖ മാനദണ്ഡങ്ങളാണ് വെക്കുന്നത്. നബി(സ)തിരുമേനിയുടെ ജീവിതം ഖുർആനിക കല്പനകളുടെ കർമപരമായ വ്യാഖ്യാനമായിരുന്നു. അതിൽ നീതിയും ന്യായവും സമാധാനവുമായിരുന്നു അടിസ്ഥാന തത്ത്വങ്ങളായി വിവരിക്കപ്പെട്ടിരുന്നത്. അത് സംബന്ധമായി അല്ലാഹു ഒരിടത്ത് പറയുന്നു:

യാ അയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ലില്ലാഹി ശുഹദാഅ ബിൽഖിസ്ത്വി വലാ യജ്രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്റബു ലിത്തഖ്വാ വത്തഖുല്ലാഹ ഇന്നല്ലാഹ ഖബീറുൻബിമാ തഅ്മലൂൻ (5:9)

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനു വേണ്ടി നില കൊള്ളുക. ഏതെങ്കിലും ജനതയുടെ ശത്രുത അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങളെപ്പോഴും നീതി പാലിക്കുക. അതു ദൈവഭക്തിയുമായി ഏറ്റവും അടുത്തതാകുന്നു. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്ന തിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

നബി(സ)തിരുമേനിയുടെ മാതൃക ഈ അധ്യാപനത്തിന്റെ വെളിച്ചത്തിൽ എല്ലാ നിലയ്ക്കും എല്ലാത്തിനെയും വലയം ചെയ്യുന്നതും ഉന്നത മായ നിലവാരം പ്രാപിക്കുന്നതുമായിരുന്നു.

ഞാൻ പറഞ്ഞു വന്നതുപോലെ നബി(സ) തിരുമേനി യുദ്ധരംഗത്ത് എത്തരത്തിലുള്ള രീതികളും മാതൃകയുമാണ് അവലംബിച്ചതെന്ന് നോക്കുക. ഇതിനെ കുറിച്ച് ബദ്ർ യുദ്ധത്തിന് പുറമെ മറ്റു യുദ്ധങ്ങളെ കുറിച്ചും ഞാൻ വിവരിക്കുന്നതാണ്. ഇതിൽ സരിയത്തുകൾ അതായത് നബി(സ)തിരുമേനി തന്റെ ജീവിതകാലത്ത് നേരിട്ട് പങ്കെടുക്കാത്ത സരിയത്തുകളുമുണ്ട്. ഇത് മറ്റുള്ളവരുടെ നേതൃത്വത്തിൽ ആരെയെങ്കിലും സൈന്യാധിപനായി നിയോഗിച്ചുകൊണ്ട്(നിയുക്തസൈന്യം) അയക്കപ്പെട്ട സംഘങ്ങളാണ്. ഏതായാലും ഇതൊരു നീണ്ട ചരിത്രമാകുന്നു. ഇതു വിവരിക്കുന്നതിനും കുറെ ഖുത്ബകൾ ആവശ്യമായി വന്നേക്കാം.

ഇന്ന് ഉഹുദുയുദ്ധ സംബന്ധമായി കുറച്ചുകാര്യങ്ങൾ ഞാൻ വിവരിക്കുന്നതാണ്.

ചരിത്ര സംഭവങ്ങൾ വ്യക്തമാക്കുന്നത് ഈ യുദ്ധവും ശത്രുക്കൾ തങ്ങളുടെ ശത്രുതയുടെ തീക്ഷ്ണതയിൽ തുടങ്ങിവെച്ചതായിരുന്നു. അങ്ങനെ മുസ്‌ലിമീങ്ങൾക്കും നിർബന്ധിതാവസ്ഥയിൽ യുദ്ധത്തിന് പുറപ്പെടേണ്ടി വന്നതാണ്. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഈ യുദ്ധം ബദ്ർ യുദ്ധത്തിന് ഒരു വർഷത്തിനുശേഷം ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിൽ ശനിയാഴ്ചയാണ് നടന്നത്. ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ഉഹുദുയുദ്ധം ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിലായിരുന്നു എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരനാണ്. എന്നാൽ, ഒരു നിവേദനത്തിൽ ഈ യുദ്ധം ഹിജ്റ നാലാം വർഷമായിരുന്നു നടന്നതെന്നും പറയുന്നുണ്ട്. ശവ്വാൽ മാസത്തിലെ തിയതിയെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. കൂടുതലും ശവ്വാൽ മാസം ഏഴ്, പതിനഞ്ചു തിയതികളാണ് പരാമർശിച്ചു കാണുന്നത്. ഇബനു ഇസ്ഹാഖ്, ഇബ്നു ഹിശാം, ഇബ്നു, തിബരി തുടങ്ങിയവർ ശവ്വാൽ

പതിനഞ്ചു എന്നെഴുതിയിട്ടുണ്ട്.

നബി(സ)തിരുമേനി മദീനയിൽനിന്ന് വെള്ളിയാഴ്ച അസ്ർ നമസ്കാരത്തിനു ശേഷം പുറപ്പെട്ടു. ശനിയാഴ്ച സൂര്യോദയത്തിനു മുമ്പേ ഉഹുദിന്റെ മൈതാനത്തെത്തി. ഉഹുദ് ആ പ്രദേശത്തുണ്ടായിരുന്ന ഒരു മലയുടെ പേരാണ്. ഇത് മദീനയിൽ നിന്ന് ഏകദേശം മൂന്നു മൈൽ ദൂരെ സ്ഥിതി ചെയ്യുന്നു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 6, പേജ് 456, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022) (സീറത്തുൽഹൽബിയ്യ മുത്തർറജിം, വാല്യം 2, അർധഭാഗം, പേജ് 132, പ്രസാധനം ദാറുൽഇശാഅത്ത് കറാച്ചി)

ഉഹുദുമല ഇപ്പോഴുള്ള മസ്ജിദ് നബ്വിയിൽ നിന്ന് ഏകദേശം നാലുകിലോമീറ്റർ വടക്കു ഭാഗത്താണുള്ളത്. ഇപ്പോഴുള്ള മദീനയുടെ ജനവാസം ഈ മലയുടെ താഴ്വരയിലുമെത്തിയിരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഇതിന്റെ ചുറ്റുവട്ടത്തായി പരന്നുകിടക്കുന്നു. ഉഹുദുമലയും വിശുദ്ധ സ്ഥലങ്ങളിലുൾപ്പെടുന്നു. ഉഹുദ് കിഴക്കു പടിഞ്ഞാറായി പരന്നുകിടക്കുന്നകയാണ്. അത് ആറ് കിലോമീറ്ററു ണ്ട്. ഈ മലനിരയുടെ നിറം ചെമന്ന നിറത്തോടു സാദൃശ്യമുള്ളതാണ്. (അറ്റ്ലസ് സീറത്തുന്നബി, പേജ് 245, പ്രസാധനം ദാറുസ്സലാം രിയാള്)(ഉർദു ദാഇറയെ മആരിഫ്, വാല്യം 2, പേജ് 31, പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോർ)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)ഉഹുദു യുദ്ധത്തിന്റെ തിയതി ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസം പതിനഞ്ചു അതായത് ക്രിസ്ത്വബ്ദം 624 മാർച്ച് 31 ശനിയാഴ്ചയാണെന്നു എഴുതിയിരിക്കുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ.പേജ് 487)

ഇതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാകുന്നു: ഈ യുദ്ധത്തിന് ബദ്ർയുദ്ധമാണ് നിമിത്തമായത്. അതിൽ ഖുറയ്ശികൾക്ക് ഗുണപാഠമായ പരാജയം സംഭവിക്കുകയും അവരുടെ മൂപ്പന്മാരായ അബ്ദുല്ലാഹ് ബിൻ അബീ റബീഅ, ഇക്‌രിമ ബിൻ അബീ ജഹ്ൽ, സ്വഫ്വാൻ ബിൻ ഉമയ്യ, അസ്‌വദ് ബിൻ മുത്ത്വലിബ്, ജുബയ്ർ ബിൻ മുത്അം, ഹാരിഥ് ബിൻ ഹിശാം ഹുവയ്ത്വബ് ബിൻ അബ്ദുൽ ഉസ്സ തുടങ്ങിയവരും ഖുറയ്ശികളിലെ മറ്റു ചില നേതാക്കന്മാരും അബൂ സുഫിയാന്റെ അടുക്കൽ വരികയുണ്ടായി. ബദ്ർയുദ്ധത്തിന് കാരണമായിത്തീർന്ന കച്ചവട സംഘത്തിൽ അവരുടെ കുറച്ച് സമ്പത്തുമുണ്ടായിരിന്നു. ഈ കച്ചവട സമ്പത്ത് മക്കയിൽ കൊണ്ടുവന്ന് പതിവ് രീതിയനുസരിച്ച് ദാറുൽ നദ്‌വയിൽ വെക്കുകയും ചെയ്തു. അവരുടെ സമ്പത്ത് അവരുടെ കൈകളിലേക്ക് എത്തിച്ചില്ല. കാരണം ഈ സമ്പത്ത് അബൂസുഫിയാൻ കൊണ്ടുവന്ന സമയത്ത് ബദ്ർ യുദ്ധത്തിന് പുറപ്പെട്ടു കഴിഞ്ഞിരുന്നു. ബദ്ർയുദ്ധം കഴിഞ്ഞ് കുറച്ചു കാലത്തിനുശേഷം അവർ അബൂ സുഫിയാന്റെ അടുക്കലെത്തി പറഞ്ഞു:ഘ മുഹമ്മദ് നമ്മുടെ നിരവധിയാളുകളെ വധിച്ചിരിക്കുന്നു. അതിനാൽ ഈ കച്ചവട സമ്പത്തുകൊണ്ട് മുഹമ്മദു(സ)മായി യുദ്ധം ചെയ്യാൻ തയ്യാറെടുക്കുക. ഒരുപക്ഷേ, നമ്മൾ നമ്മുടെ വധിക്കപ്പെട്ട ആളുകൾക്കുവേണ്ടി പകരം ചോദിക്കുന്നതിൽ വിജയിച്ചേക്കാം.

തുടർന്ന് അവർ പറഞ്ഞു: ഞങ്ങൾ സന്തോഷപൂർവ്വം ഈ കച്ചവട സംഘത്തിന്റെ ലാഭംകൊണ്ട് മുഹമ്മദുമായി യുദ്ധത്തിന് ഒരു സൈന്യത്തെ തയ്യാറാക്കുന്നതിനും സന്നദ്ധരാണ്.

ഇതുകേട്ടപ്പോൾ അബൂസുഫിയാൻ പറഞ്ഞു: ഞാൻ ഈ അഭിപ്രായത്തെ അംഗീകരിക്കുന്നു. ബനൂഅബ്ദുമനാഫ് എന്റെ കൂടെയുണ്ട്. അതിനുശേഷം ഖുറയ്ശികൾ സമ്പത്തിൽനിന്ന് ലാഭം വേർതിരിച്ചു. അത് അൻപതിനായിരം ദീനാർ വിലമതിക്കുന്നതായിരുന്നു. മൂലധനം അതിന്റെ ഉടമസ്ഥർക്ക് നൽകുകയും ചെയ്തു.(സീറത്തുൽഹൽബിയ്യ മുത്തർറജിം, വാല്യം 2, അർധഭാഗം, പേജ് 133–134, പ്രസാധനം ദാറുൽഇശാഅത്ത് കറാച്ചി)(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 6, പേജ് 145, പ്രസാധനം ദാറുസ്സലാം രിയാള്)

ഏതായിരുന്നാലും ലാഭം മുഴുവനും ഈ യുദ്ധത്തിന് വേണ്ടി നൽകുകയുണ്ടായി. ഇതിനെക്കുറിച്ച് അല്ലാഹു ഒരു ആയത്തും ഇറക്കിയിട്ടുണ്ട്.

ഇന്നല്ലദീന കഫറൂ യുൻഫിഖൂന അംവാലഹും ലിയസ്വുദ്ദൂ അൻ സബീലില്ലാഹി ഫസയുൻഫിഖൂനഹാ ഥുമ്മ തകൂനു അലയ്ഹിം ഹസ്‌റത്തൻ ഥുമ്മ യുഗ്‌ലബൂൻ വല്ലദീന കഫറൂ ഇലാ ജഹന്നമയുഹ്ശറൂൻ(8:37)

തീർച്ചയായും അവിശ്വാസികൾ തങ്ങളുടെ ധനം ചെലവു ചെയ്യുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുവാനാണ്. അങ്ങനെ അവർ തുടർന്നും അത് ചെലവഴിച്ചു കൊണ്ടിരിക്കുന്നതാണ്. പിന്നെ അത് അവർക്കു മനഃസ്താപത്തിന് കാരണമായിത്തീരും. പിന്നീട് അവർ പരാജയപ്പെടുന്നതുമാണ്. അവിശ്വസിച്ചവർ നരകത്തിലേക്ക് ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുന്നതാണ്. (സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 182, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത്)

ഈ ഒരു പ്രധാന കാരണം കൂടാതെ മറ്റു ചില സംഗതികളും ഈ യുദ്ധത്തിന് കാരണമായി ഗണിക്കപ്പെടുന്നുണ്ട്.

ഞാൻ കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നതു പോലെ ബദ്ർയുദ്ധത്തിനു ശേഷം മക്കക്കാർക്ക് ശാമിലേക്ക് പോകുന്നത് ദുഷ്കരമായിട്ടുണ്ടായിരുന്നു. കാരണം മക്കയിൽനിന്ന് ശാമിലേക്ക് കച്ചവടത്തിന് പോകുന്നതിനുള്ള വഴി മദീനയുടെ ഗ്രാമപ്രദേശങ്ങളിലൂടെയാണ് കടന്നുപോയിരുന്നത്. അതിനെ മുസ്‌ലിമീങ്ങൾ അടക്കുകയുണ്ടായി. കാഫിരീങ്ങൾ നേരത്തെ ചെയ്തു വന്നിരുന്ന ദ്രോഹങ്ങൾ കാരണം അതിലൂടെ അവർക്ക് സംഘങ്ങളായി പോകുന്നത് പ്രയാസകരമായ തീർന്നിട്ടുണ്ടായിരുന്നു. അതുകാരണം ഖുറയ്ശികൾ തങ്ങളുടെ സാമ്പത്തിക മുരടിപ്പ് കാണുന്നുണ്ടായിരുന്നു. കച്ചവട വഴിയിലുള്ള തടസ്സം യുദ്ധങ്ങളിലുണ്ടായ പരാജയം, ബദ്റിൽ ഖുറയ്ശി മൂപ്പന്മാരുടെ വധം എഴുപത് മുശ്‌രിക്കീങ്ങൾ ബന്ദികളായത് തുടങ്ങിയ കാര്യങ്ങൾ അവരുടെ പ്രസിദ്ധിക്കും ജീവിത അവസ്ഥയിലും വളരെ ദോഷകരമായ പാടുകളാണ് വരുത്തിയത്. അത് കഴുകിക്കളയാനും ജീവിത മാർഗം പുനരുജ്ജീവിപ്പിക്കുന്നതിനുംവേണ്ടി പ്രതികാരം ചെയ്യാൻ അവർ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. അങ്ങനെയെങ്കിലും ഖുറയ്ശികളുടെ അധോഗതിയിലായികൊണ്ടിരിക്കുന്ന രാഷ്ട്രീയവും മതപരവുമായ അവസ്ഥയെ നന്നാക്കാമെന്ന് അവർ കരുതി.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 6, പേജ് 434, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022)

മറുഭാഗത്ത് ബദ്ർയുദ്ധത്തിന് ശേഷം ഖുറയ്ശികൾക്ക് വീണ്ടും രണ്ടു പരിഹാസ്യമായ ദൈന്യത അഭിമുഖീകരിക്കേണ്ടിതായി വന്നു. അതുകാരണം അബൂസുഫിയാൻ അടക്കം മക്കക്കാരുടെ കോപതാപങ്ങൾ വർധിക്കുകയാണ് ചെയ്തത്. അവർ മുസ്‌ലിമീങ്ങളോടു പകരം ചോദിയ്ക്കാൻ ആയുധമേന്തിയുള്ള യുദ്ധത്തിന് ഉറച്ച തീരുമാനം എടുക്കുകയുണ്ടായി.

ഒരു ഗ്രന്ഥകാരൻ, ഉഹുദു യുദ്ധത്തിന്റെ കാരണങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: ഖുറയ്ശികൾക്ക് ചില പദ്ധതികളിൽ പരാജയമുണ്ടായി. അതുകാരണം അവരിൽ സങ്കടവും പ്രതികാര വാഞ്ചയും വർധിച്ചു കൊണ്ടിരുന്നു. അദ്ദേഹം എഴുതുന്നു:അബൂസുഫിയാൻ ബദ്റിന്റെ രണാങ്കണത്തിൽ ഇറങ്ങാതെ തന്റെ കച്ചടവസംഘത്തെ സുരക്ഷിത മാർഗങ്ങളിലൂടെ തിരിച്ച് മക്കയിലെത്തിച്ചിരുന്നു. അതുകാരണം അയാൾക്ക് മക്കക്കാരുടെ പരിഹാസ്യങ്ങൾ നിരന്തരം കേൾക്കേണ്ടതായും വന്നു. അയാൾ മുസ്‌ലിമീങ്ങളോട് പ്രതികാരം ചെയ്യുമെന്ന് ശപഥം ചെയ്തു. അയാൾ ഖുറയ്ശികളോട് മദീനയിൽപോയി മുസ്‌ലിമീങ്ങളുമായി കനത്ത പോരാട്ടം നടത്തുന്നതാണെന്ന് ഖുറയ്ശികളെ വിശ്വസിപ്പിച്ചു. അബൂ സുഫിയാൻ തന്റെ ശപഥം നിറവേറ്റുന്നതിന് 200 പേരടങ്ങുന്ന ഒരു സൈന്യത്തെയും തയ്യാറാക്കിയിരുന്നു. മദീനയിലെത്തുകയും ചെയ്തു. പക്ഷേ, ഒരു തുറന്ന യുദ്ധത്തിനുള്ള ധൈര്യമുണ്ടായില്ല. മദീനക്ക് ചുറ്റുവട്ടത്തുമുള്ള ഏതാനും മരങ്ങൾ വീഴ്ത്തുകയും വയലുകൾക്ക് തീയിടുകയും രണ്ടാളുകളെ കൊലപ്പെടുത്തുകയും ചെയ്തുകൊണ്ട് അവിടെനിന്ന് ഓടി രക്ഷപ്പെട്ടു.

ഈ യുദ്ധം സവീഖ്‌യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നു. ഇതിനെ കുറിച്ചും ഞാൻ കഴിഞ്ഞ ഖുത്ബകളിൽ വിവരിച്ചിട്ടുണ്ടായിരുന്നു. ബദ്ർ യുദ്ധ മൈതാനത്തിൽ നിങ്ങൾ സ്വന്തം ഗോത്രങ്ങളെ ഉപേക്ഷിച്ച് തിരിച്ചു വന്നവനാണെന്ന മക്കക്കാരുടെ പരിഹാസം ഇല്ലാതാക്കാനാണ് അബൂസുഫിയാൻ ശ്രമിച്ചുകൊണ്ടിരുന്നത്. പക്ഷേ, ഈ നിഷ്ഫലമായ നീക്കത്തിനുശേഷം ജനങ്ങൾ അബൂസുഫിയാന്റെ ഇത്തരം കുട്ടിക്കളിയെ പ്രത്യേക വാക്കുകളിൽത്തന്നെ പരിഹസിക്കാൻ തുടങ്ങിയിരുന്നു. അതുകൊണ്ട് അബൂസുഫിയാൻ തന്റെ അഹന്തക്ക് സമാധാനം നൽകാൻവേണ്ടി മുസ്‌ലിമീങ്ങളുമായി ഒരു വലിയ യുദ്ധത്തിന് നല്ല പോലെ തയ്യാറെടുപ്പുകൾക്ക് ശ്രമിച്ചിരുന്നു. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ ഖർദഃയിൽ ഉണ്ടായ പരാജയത്തെ കുറിച്ച് വിവരിച്ചിട്ടുണ്ടായിരുന്നു. അബൂസുഫിയാന്റെ മദീനക്കെതിരെയുള നീക്കത്തിനുശേഷം ഖുറയ്ശികൾ തങ്ങളുടെ വലിയ ഒരു കച്ചവട സംഘത്തെ വഴിമാറ്റി ഇറാഖിലെ പ്രധാന വഴിയിലൂടെ ശാമിലേക്ക് അയച്ചിരുന്നു. അതിൽ സ്വർണ്ണാഭരണങ്ങളും വെള്ളിപ്പാത്രങ്ങളും മറ്റു കച്ചവട സാമഗ്രികളുമുണ്ടായിരുന്നു. അതിന്റെ മതിപ്പ് വില ഏകദേശം ഒരു ലക്ഷം ദിർഹമായിരുന്നു. ഈ കച്ചവട സംഘം ഖർദ അരുവിയിൽ ഇറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ്(റ) മദീനയുടെ അതിരുകൾക്കുള്ളിൽനിന്ന് ഖുറയ്ശി സംഘത്തെ തടയുകയായിരുന്നു. ഖുറയ്ശികളുടെ എല്ലാ കച്ചവട സമ്പത്തുകളും പിടിച്ചടക്കി മദീനയിലേക്കെത്തിച്ചു. ബദ്ർ യുദ്ധത്തിലെ ഏറ്റവും നിന്ദ്യ മായ പരാജയത്തിനുശേഷം ഖുറയ്ശികൾക്ക് ഖർദയിലുണ്ടായ ഈ സംഭവം വളരെ വലിയൊരു അപമാനമായിരുന്നു. അതായത് അവർ ആ സമയത്ത് മദീനയുടെ അടുത്തു തന്നെ ഉണ്ടായിരുന്നു. അവരുടെ പ്രതികാരാഗ്നി പതിന്മടങ്ങ് വർധിച്ചു. ഉഹുദ് യുദ്ധത്തിന്റ കാരണങ്ങളിൽ ഈ സംഭവവും ഉൾപ്പെടുന്നു.(ഗസ്വാത്ത് വ സറായ, അല്ലാമ മുഹമ്മദ് അള്ഹർ ഫരീദ്, പേജ് 156–157, പ്രസാധനം രീദ് പ്രിന്റിംഗ് പ്രസ്സ്, സാഹിവാൾ)

ഏതായിരുന്നാലും നിരവധി കാരണങ്ങളുണ്ടായിരുന്നു. അതുകാരണം കാഫിരീങ്ങൾ യുദ്ധത്തിന് തയ്യാറെടുത്തുകൊണ്ടിരുന്നു. ഇക്കാര്യത്തിൽ ഖുറയ്ശികൾ തൊട്ടടുത്തുണ്ടായിരുന്ന ഗോത്രങ്ങളെയും തങ്ങളോടൊപ്പം ചേരാൻ ക്ഷണിച്ചിട്ടുണ്ടായിരുന്നു.ഇതിന്റെ വിശദീകരണം ഇപ്രകാരവും ലഭിക്കുന്നുണ്ട്: നബി(സ)തിരുമേ

നി നിർണായകമായ യുദ്ധത്തിന് മൂലധനം സ്വരുക്കൂട്ടുകയുണ്ടായി. തുടർന്ന് അതിന്റെ അടുത്ത ഘട്ടത്തിലുള്ള തയ്യാറെടുപ്പുകളും ആരംഭിച്ചു. ഖുറയ്ശികൾ ഏതായിരുന്നാലും ഏറ്റുമുട്ടാൻ തയ്യാറായിരുന്നു. അതോടൊപ്പംതന്നെ അവർ തൊട്ടടുത്തുണ്ടായിരുന്ന വ്യത്യസ്ത ഗോത്രങ്ങളെയും ഈ യുദ്ധത്തിൽ പങ്കെടുപ്പിക്കാൻ വിവിധ മാർഗങ്ങൾ സ്വീകരിച്ചുകൊണ്ടിരുന്നു. ചിലരുടെ അടുക്കൽ വ്യക്തിപരമായും മറ്റുചില ഗോത്രങ്ങളിൽ സംഘം ചേർന്നും അവരെത്തി. ചിലരെ പ്രീണിപ്പിച്ചും മറ്റുചിലരെ മതപരവും പ്രാദേശികവുമായ ആവേശവും മറ്റുമുണ്ടാക്കി കൂടെക്കൂട്ടി. ഈ ആവശ്യത്തിന് വേണ്ടി അംറ് ബിൻ ആസ് ഹുബയ്റാ ബിൻ അബീ വഹബ്, അബ്ദുല്ലാഹ് ബിൻ സിബഅ്റ, മുസാഫിഹ് ബിൻ അബ്ദു മനാഫ്, അബൂ ഉസ്സ ജുമഹി തുടങ്ങിയവരെയാണ് അയച്ചത്. ഈ പറയുന്ന അബൂ ഉസ്സ ജുമുഹിയെ നബി(സ)തിരുമേനി ബദ്റിലെ ബന്ദികളിൽനിന്ന് സ്വാതന്ത്ര്യനാക്കിയതായിരുന്നു. അന്ന് അയാൾ നബി(സ)തിരുമേനിയോടു പറഞ്ഞത് അല്ലയോ മുഹമ്മദേ! എനിക്ക് അഞ്ചു പെൺമക്കളാണ്. അവർക്ക് ഞാനല്ലാതെ മറ്റൊരു സംരക്ഷകനുമില്ല. അതുകൊണ്ട് എനിക്ക് മാപ്പ തന്നാലും എന്നായിരുന്നു. നബി(സ)തിരുമേനിയാകട്ടെ അയാൾക്ക് മാപ്പുകൊടുക്കുക മാത്രമല്ല മറിച്ച് ഫിദ്‌യ ഒന്നും വാങ്ങാതെ തന്നെ സ്വാതന്ത്ര്യനാക്കുകയും ചെയ്തിരുന്നു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ ഉത്തമ മാതൃക. ആ സമയത്ത് അയാൾ, മേലിൽ താൻ നബി(സ)തിരുമേനിക്കെതിരിൽ യുദ്ധത്തിന് വരുന്നതല്ലെന്നും നബി(സ)തിരുമേനിക്കെതിരിൽ ആരെയും സഹായിക്കുന്നതല്ലെന്നും ഉടമ്പടി ചെയ്തിരുന്നതുമാണ്. പക്ഷേ, ഉഹുദുയുദ്ധ വേളയിൽ സ്വഫ്‌വാൻ ബിൻ ഉമയ്യയുടെ ഉപഹാരങ്ങളിൽ അത്യാഗ്രഹം പ്രകടിപ്പിച്ച് കൊണ്ട് തന്റെ ഉടമ്പടി അയാൾ ലംഘിച്ചു. തന്റെ കവിതകളിലൂടെ അറബികൾക്ക് പ്രതികാരാവേശ മുണ്ടാക്കിക്കൊണ്ടിരുന്നു. ഈ കവിതകളുമായി ഗോത്രങ്ങളിൽ പോയി അവരെയും ഇളക്കി വിട്ടിരുന്നു. അവരുടെ പൂർവ്വ കാലത്തെ ഓർമിപ്പിച്ചു കൊണ്ടായിരുന്നു അവരെ യുദ്ധമൈതാനത്ത് ഇറക്കിയിരുന്നത്. അത് വീണ്ടും ലഭിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് അവരെ ക്ഷണിക്കുകയും ചെയ്തിരുന്നത്. കിനാന, തഹാമ തുടങ്ങിയ ഗോത്രങ്ങളും മറ്റു ഗോത്രങ്ങളിൽ നിന്നുമായി നിരവധിയാളുകൾ അവരുടെ വാക്കുകൾക്കു റാൻ മൂളാൻ തയ്യാറായി. മദീനയിൽ മിന്നലാക്രമണം നടത്തുമെന്ന് ഉറപ്പ് വാങ്ങുകയുണ്ടായി. ഉറപ്പുവാങ്ങുക മാത്രമല്ല അതിൽ പങ്കെടുപ്പിക്കുകയും ചെയ്തു.(കിതാബുൽമഗാസി, വാള്യം 1, പേജ് 110-111, ബദ്റുൽഖിത്താൽ, ആലമുൽകുതുബ് ബെയ്റൂത്ത് 1984)(ദാഇറയെ മആരിഫ് സാറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 436, ബസം ഇഖ്ബാൽ, ലാഹോർ)

കാഫിരീങ്ങൾ യുദ്ധത്തിൽ തയ്യാറെടുപ്പുകൾ നടത്തുകയാണെന്ന് നബി(സ)തിരുമേനിയെ ഹദ്റത്ത് അബ്ബാസ്(റ) അറിയിക്കുകയുണ്ടായി.

ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്. നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ ഈ യുദ്ധ തയ്യാറെടുപ്പുകളെയും ആവേശത്തെയും കുറിച്ച് നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ് (റ)അറിയിപ്പ് നൽകുകയുണ്ടായി. അദ്ദേഹം അന്ന് മക്കയിലായിരുന്നു. ഹദ്റത്ത് അബ്ബാസ്(റ), നബി(സ)തിരുമേനിക്ക് ഈ അറിയിപ്പു നൽകിയത് ബനൂഗഫ്ഫാർ ഗോത്രത്തിലേ ഒരു വ്യക്തിയുടെ കൈയിൽ കത്തയച്ചാണ്. ഹദ്റത്ത് അബ്ബാസ്(റ)അയാളെ കത്തു കൊടുക്കുന്നതിന് കൂലി കൊടുത്ത് തയ്യാറാക്കിയതായിരുന്നു. മൂന്നു ദിവസം തുടർച്ചയായി യാത്ര ചെയ്ത് മദീനയിലെത്തി ആ കത്ത് നബി തിരുമേനിയെ ഏൽപ്പിക്കണമെന്ന് അയാളോട് നിബന്ധന വെച്ചിരുന്നു. അങ്ങനെ അയാൾ രാപ്പകൽ യാത്ര ചെയ്തു. മൂന്നാമത്തെ ദിവസം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അയാൾ ഈ കത്തുമായി എത്തുമ്പോൾ നബി(സ)തിരുമേനി ഖുബായിലായിരുന്നു. നബി(സ)തിരുമേനി ആ കത്തിന്റെ സീൽ പൊട്ടിക്കുകയും തുടർന്ന് ഉബയ്യ് ബിൻ കഅ്ബിന് കത്ത് കൊടുത്തുകൊണ്ട് അത് വായിച്ചു കേൾപ്പിക്കാൻ പറയുകയും ചെയ്തു. ഉബയ്യ് ബിൻ കഅ്ബ് കത്ത് വായിച്ചുകൊടുത്തു. നബി(സ)തിരുമേനി ഉബയ്യിനോട് പ്രസ്തുത കത്തിനെയും അതിലെ വിവരങ്ങളെയും രഹസ്യമാക്കി വെക്കാൻ നിർദേശിച്ചു.(സീറത്തുൽഹൽബിയ്യ, വാള്യം 2, അർധഭാഗം, പേജ് 296, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ)

മറ്റൊരു സ്ഥലത്ത് പറയുന്നു: നബി(സ)തിരുമേനി സഅ്ദ് ബിൻ റബീഅന്റെ വീട്ടിൽപ്പോയി അദ്ദേഹത്തോട് ഹദ്റത്ത് അബ്ബാസിന്റെ കത്തിനെ കുറിച്ച് പരാമർശിച്ചതിനുശേഷം പറഞ്ഞു:ഞാൻ നല്ലതാണു പ്രതീക്ഷിക്കുന്നത്. നിങ്ങൾ ഈ കത്ത് രഹസ്യമാക്കി വെക്കണം.നബി(സ)തിരുമേനി സഅ്ദിന്റെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ അടുത്തെത്തി ചോദിച്ചു: നബി(സ)തിരുമേനി എന്താണ് പറഞ്ഞിരുന്നത്? അവർ സംസാരിച്ചു കൊണ്ടിരുന്നത് ആ സ്ത്രീ വീടിനകത്തി രുന്ന കേൾക്കുന്നുണ്ടായിരുന്നു. സഅ്ദ് പറഞ്ഞു, നിനക്കെന്താണ് അതിൽ കാര്യം? അവർ പറഞ്ഞു: ഞാൻ എല്ലാ കാര്യവും കേൾക്കുകയുണ്ടായി. അവർ എല്ലാ കാര്യവും പറയുകയും ചെയ്തു. അപ്പോൾ സഅ്ദ് ഇന്നാലില്ലാഹ് എന്ന് പറഞ്ഞു. തുടർന്ന് ഭാര്യയോട് പറഞ്ഞു: നീ ഞങ്ങളുടെ സംസാരം കേൾക്കുമെന്ന് ഞാൻ കരുതിയിരുന്നില്ല. അദ്ദേഹം തന്റെ ഭാര്യയെ നബി(സ)തിരുമേനിയുടെ സവിധത്തിൽ കൊണ്ടുപോയി. കാര്യങ്ങളെല്ലാം കേൾപ്പിച്ചു. എന്നിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്! ഈ കാര്യങ്ങളെല്ലാം ജനങ്ങൾക്കിടയിൽ ഭയക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഞാനാണ് ഇക്കാര്യം പരത്തിയതെന്ന് അങ്ങ് കരുതിയേക്കാം. വാസ്തവത്തിൽ അങ്ങ് എന്നോട് ഇക്കാര്യം രഹസ്യമാക്കി വെക്കാൻ പറഞ്ഞതായിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ശരി നീ ഇവളെ പറഞ്ഞയക്കുക.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 182-183, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത്, ലബ്നാൻ 1993) ഒരു പക്ഷേ, അവർക്ക് മുന്നറിയിപ്പും നല്കിയിട്ടുണ്ടാകും. ഒരു ഭാഗത്ത് നബി(സ)തിരുമേനി മുൻകരുതലുകൾ എടുത്തിട്ടുണ്ടായിരുന്നു. മറുഭാഗത്ത് മദീനയിലെ യഹൂദികളും മുനാഫിഖീങ്ങളും നബി(സ)തിരുമേനിക്ക് നല്ലൊരു വാർത്തയും കിട്ടിയിട്ടില്ലെന്ന് പ്രചരിപ്പിക്കാൻ തുടങ്ങി. അവർക്ക് സ്വായമേവ തങ്ങളുടെ ഉള്ളിലുള്ളത് പറയാനും പരിഹസിക്കാനും ഒരവസരം കിട്ടുകയായിരുന്നു. അവർ ഈ വാർത്ത പൊടിപ്പും തൊങ്ങലുംവെച്ച് നല്ലവണ്ണം പ്രചരിപ്പിച്ചു. ഇസ്‌ലാമിൽ വിശ്വസിക്കുന്നവരെ ഭയപ്പെടുത്താൻ നല്ലപോലെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ ഈ വാർത്ത മദീനയുടെ ചുറ്റുവട്ടത്തും പരന്നു തുടങ്ങി. ഓരോരുത്തരും ജാഗരൂകരായി. മക്കയിലെ മുശ്‌രിക്കീങ്ങൾ വീണ്ടും യുദ്ധത്തിന് തയ്യാറാകുന്നുവെന്ന സംസാരമായിരുന്നു മദീനയിൽ നാലുഭാഗത്തും. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 443, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022)

അല്ലാമാ ഇബ്നു അബ്ദുൽ ബിർ വിവരിക്കുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ് മുശ്‌രിക്കീങ്ങളുടെ വിവരങ്ങളെഴുതി നബി(സ)തിരുമേനിയുടെ സവിധത്തിൽ അയക്കുകയുണ്ടായി. മക്കയിലെ മുസ്‌ലിമീങ്ങൾ അബ്ബാസിനെ(റ)തങ്ങളുടെ സഹായിയായിട്ടാണ് കണ്ടിരുന്നത്. അതേസമയം അബ്ബാസ്(റ)മദീനയിൽ നബി(സ)തിരുമേനിയുടെ അടുക്കലെത്താൻ ആഗ്രഹിക്കുകയായിരുന്നു. എന്നാൽ, നബി(സ)തിരുമേനി താങ്കൾ മക്കയിൽത്തന്നെ തങ്ങുന്നതാണ് നല്ലതെന്ന് എഴുതി അറിയിക്കുകയുണ്ടായി. ഹദ്റത്ത് അബ്ബാസ് അയച്ചുകൊടുത്ത വാർത്തകൾ വളരെ വിശദമായിട്ടുള്ളതായിരുന്നു. ഒരു കത്തിൽ അദ്ദേഹം എഴുതുന്നു: ഖുറയ്ശികളുടെ സൈന്യം അങ്ങയുടെ അടുത്തേക്ക് പുറപ്പെട്ടിരിക്കുന്നു. അവർ എത്തുമ്പോഴേക്കും അവരെ നേരിടാൻ നല്ലപോലെ തയ്യാറെടുപ്പുകൾ നടത്തിയാലും. ഇത് 3000 പേരടങ്ങുന്ന ഒരു സൈന്യമാകുന്നു. അതിൽ 200 അശ്വാരൂഢന്മാരുണ്ട്. 700 പേർ പടച്ചട്ട അണിഞ്ഞവരാകുന്നു. 3000 ഒട്ടകങ്ങളുമുണ്ട്. അവർ എല്ലാത്തരം ആയുധങ്ങളും കരുതിയിട്ടുമുണ്ട്.(അസ്സീറത്തുവ്വന്നബ്‌വിയ്യ, അലി മുഹമ്മദ് സ്വലാബി, മുത്തർറജിം, വാള്യം 2, പേജ് 561, പ്രസാധനം ദാറുസ്സലാം)

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്, സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് അബ്ബാസിന്റെ അറിയിപ്പു പരാമർശിച്ചുകൊണ്ട് എഴുതുന്നു: ബദ്ർ യുദ്ധത്തിന്റെ അവസ്ഥകൾ സംബന്ധിച്ച് വിവരിച്ച കൂട്ടത്തിൽ പറഞ്ഞ 50000 ദീനാർ വിലമതിക്കുന്ന കച്ചവട സംഘത്തിന്റെ ലാഭം മക്കാ മൂപ്പന്മാരുടെ തീരുമാനമനുസരിച്ച് ദാറുന്നദ്‌വയിൽ, മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധ തയ്യാറെടുപ്പുകൾക്ക് വേണ്ടി സുരക്ഷിതമാക്കി വെച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത തുക പുറത്തെടുത്ത് വളരെ ശക്തമായ ആക്രമണത്തിനുള്ള തയ്യാറെടുപ്പുകളാരംഭിച്ചു. മുസ്‌ലിമീങ്ങൾക്ക് ഈ തയ്യാറെടുപ്പുകളെ സംബന്ധിച്ച് അറിവ് ലഭിക്കാതിരിക്കുകയും കാഫിരീംകളുടെ സൈന്യം മുസ്‌ലിമീങ്ങളുടെ പടിവാതിക്കലെത്തുകയും ചെയ്യുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ജാഗ്രത്തായ നീക്കങ്ങൾ സർവവിധ മുന്നൊരുക്കങ്ങളും നടത്തിയിരുന്നു. അതായത് നബി(സ)തിരു

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

മേനി തന്റെ പിതൃവ്യൻ അബ്ബാസ് ബിൻ അബ്ദുൽ മുത്വലിബിനോട് മക്കയിൽത്തന്നെ തങ്ങാൻ നിർദ്ദേശിച്ചിരുന്നു. അദ്ദേഹം മനസുകൊണ്ട് നബി(സ) തിരുമേനിയുടെ കൂടെത്തന്നെയായിരുന്നു. അദ്ദേഹം ഖുറയ്ശികളുടെ അനക്കമടക്കങ്ങളെ പറ്റി നബി(സ)തിരുമേനിയെ അറിയിച്ചുകൊണ്ടിരുന്നു. അബ്ബാസ് ബിൻ മുത്വലിബ് ഈ അവസരത്തിൽ ബനൂ ഗഫ്ഫാർ ഗോത്രത്തിലെ വളരെ ശീഘ്രഗതിയിൽ സഞ്ചരിക്കുന്ന ഒരാൾക്ക് സമ്മാനം വാഗ്ദാനം ചെയ്തുകൊണ്ട് മദീനയിലേക്ക് അയച്ചു. ഒരു കത്ത് മുഖേന അദ്ദേഹം ഖുറയ്ശികളുടെ ഉദ്ദേശ്യങ്ങളെ പറ്റി നബി(സ)തിരുമേനിക്കു അറിയിപ്പ് നൽകുകയായിരുന്നു. സന്ദേശവാഹകനോട് 3 രാപ്പകലുകൾക്കുള്ളിൽ കത്ത് നബി(സ)തിരുമേനിയുടെ കൈകളിലെത്തിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ സന്ദേശവാഹകനെത്തിയ സമയത്ത് നബി(സ)തിരുമേനി മദീനയിലെ ഖുബാ മന്ദിരത്തിനടുത്തുള്ള സ്ഥലത്ത് പോയിരുന്നു. തുടർന്ന് സന്ദേശവാഹകനും നബി(സ)തിരുമേനിക്കു പിന്നാലെ ഖുബായിലെ ത്തി നബി(സ) തിരുമേനിക്ക് കത്ത് കൈമാറി. നബി(സ)തിരുമേനി ഉടൻ തന്നെ തന്റെ എഴുത്തുകാരനായ ഉബയ്യിബ്നു കഅ്ബ് അൻസ്വാരിക്ക് ഈ കത്തു കൊടുത്ത് അതിലെന്താണ് എഴുതിയിരിക്കുന്നതെന്ന് വായിച്ചു കേൾപ്പിക്കാൻ പറഞ്ഞു. ഉബയ്യ് കത്ത് വായിച്ചു കൊടുത്തു. ഖുറയ്ശികളുടെ ശക്തരായ ഒരു സൈന്യം മക്കയിൽനിന്ന് വരുന്നുണ്ടെന്ന ഭയാനകമായ വാർത്തയായിരുന്നു അതിലുണ്ടായിരുന്നത്. നബി(സ)തിരുമേനി ഈ വാർത്തയെ പറ്റി ആരേയും അറിയിക്കരുതെന്ന് താക്കീത് ചെയ്യുകയുണ്ടായി.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ.പേജ് 482–483)

ഏതായാലും ഈ സൈന്യം പുറപ്പെട്ടു. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിൽ എഴുതുന്നു: ഖുറയ്ശികളുടെ സൈന്യം ശവ്വാൽ മാസം അഞ്ചാം തിയതി മക്കയിൽ നിന്ന് പുറപ്പെട്ടു.(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ)

ഈ യുദ്ധത്തിൽ ഖുറയ്ശികളുടെ നേതൃത്വം അബൂസുഫ്‌യാനായിരുന്നു. അശ്വാരൂഢന്മാരുടെ മേൽനോട്ടം ഖാലിദ് ബിൻ വലീദിനും ധ്വജവാഹകൻ അബൂ അബ്ദുദ്ദാറുമായിരുന്നു. കൂടാതെ ആയുധധാരികളും പരിചയേന്തിയവരും അമ്പും വില്ലും കുലക്കുന്നവരുമായി പ്രതികാരവാഞ്ചയിൽ 3000 യുദ്ധവീരന്മാർ നബി(സ)തിരുമേനിയുമായി യുദ്ധം ചെയ്യാൻ മക്കയിൽനിന്ന് മദീനയിലേക്ക് പുറപ്പെട്ടു. ഇതിൽ 2900 പേർ ഖുറയ്ശികളും അവരുടെ സംരക്ഷകരും മറ്റു ഗോത്രക്കാരുമായിരുന്നു. അതേസമയം 100 പേർ കിനാന ഗോത്രക്കാരായിരുന്നു. നേരത്തെ പറഞ്ഞതുപോലെ 700 ആയുധധാരികളും 200 കുതിരകളും 3000 ഒട്ടകങ്ങളും കൂടെയുണ്ടായിരുന്നു. വഴിയിൽ ഭക്ഷണത്തിനു വേണ്ടി അറുക്കാൻ കരുതിയ ഒട്ടകങ്ങൾ ഇവക്ക് പുറമെയായിരുന്നു. വാദ്യാഘോഷത്തിനും ദഫു മുട്ടാനും കുടിക്കാൻ പ്രത്യേക അളവിൽ മദ്യവും കരുതിയിരുന്നു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 6, പേജ് 441, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022)

മറ്റൊരു ചരിത്രത്തിൽ പറയുന്നു: ഖുറയ്ശികൾ ഈ യുദ്ധത്തിൽ ഹദ്റത്ത് അബ്ബാസിനെ തങ്ങളുടെ കൂടെക്കൂട്ടാൻ ശ്രമിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് അബ്ബാസ് ഒഴികഴിവ് പറയുകയാണുണ്ടായത്. അതായത് ബദ്ർ യുദ്ധാവസരത്തിൽ അദ്ദേഹം ബന്ദിയാക്കപ്പെട്ടപ്പോൾ മോചിപ്പിക്കാൻ ആരും ശ്രമിക്കാതിരുന്നത് അദ്ദേഹം ഓർമിപ്പിച്ചു.(സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 296, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

നിരവധി സ്ത്രീകളും പ്രതികാരവാഞ്ചയിൽ പുരുഷന്മാരോടൊപ്പം യുദ്ധത്തിനു പോകാൻ വാശിപിടിക്കുന്നുണ്ടായിരുന്നു. അതേപ്പറ്റി ഒരാൾ കൂടിയാലോചന വേളയിൽ പറഞ്ഞു: ഞങ്ങൾ തലയിൽ ശവക്കച്ചയും കെട്ടിയാണ് പോകുന്നത്. വധിക്കപ്പെട്ടവർക്കുവേണ്ടി പ്രതികാരം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾ ജീവനോടെ തിരിച്ചു വരുന്നതല്ല. അതുകൊണ്ട് സ്ത്രീകൾ നമ്മളൊടൊപ്പം ഉണ്ടാകുന്നത് നല്ലതാണ്. അവർ നമുക്ക് ആവേശം പകരുകയും ബദ്റിലെ സംഭവങ്ങൾ ഓർമിപ്പിച്ച് നമുക്ക് മുന്നേറാൻ പ്രേരണ നൽകുകയും ചെയ്യുന്നതാണ്.

നൗഫൽ ബിൻ മുആവില ദീലി പറഞ്ഞു: ഈ സ്ത്രീകൾ നമ്മുടെ അന്തസ്സും അഭിമാനവുമാകുന്നു. അഥവാ നമ്മൾ പരാജയപ്പെടുകയാണെങ്കിൽ ഇവർക്കുണ്ടാകുന്ന മാനഭംഗം കാരണം നമ്മുടെ അന്തസ്സ് മണ്ണടിയുന്നതാണ്. അതായത് പലതരം അഭിപ്രായങ്ങളും വരികയുണ്ടായി. അബൂസുഫ്‌യാന്റെ ഭാര്യ ഹിന്ദും ഈ സന്ദർഭത്തിൽ അവിടെ ഉണ്ടായിരുന്നു. ഈ രണ്ട് അഭിപ്രായങ്ങളും പുരുഷന്മാരുടെ ഭാഗത്തു നിന്നാണ് വന്നത്. അപ്പോൾ അവൾ പറഞ്ഞു: ജനങ്ങളേ, നിങ്ങൾ ജീവനോടെ വരുമോ എന്നതോർത്ത് വിഷമിക്കേണ്ട. നിങ്ങൾ ബദ്റിൽനിന്ന് സുരക്ഷിതരായി തിരിച്ചു വന്നവരാണ്.നിങ്ങൾ നിങ്ങളുടെ സ്ത്രീകളേയും കണ്ടതാണ്. ഈ യുദ്ധത്തിൽ സ്ത്രീകൾ കൂടെ വരുന്നത് തടയാൻ നിങ്ങൾക്ക് സാധ്യമല്ല. ഈയൊരു അബദ്ധം നിങ്ങൾ ബദ്റിൽ ചെയ്തതാണ്. അന്ന് നിങ്ങൾ സ്ത്രീകളെ തിരിച്ചയച്ചു. ഈ സ്ത്രീകൾ ബദ്ർ യുദ്ധത്തിൽ കൂടെയുണ്ടായിരുന്നെങ്കിൽ അവർ നിങ്ങൾക്ക് ആവേശം പകർന്ന് യുദ്ധത്തിലേക്കുതന്നെ തിരിച്ചു വിടുമായിരുന്നു. ഖേദകരമെന്ന് പറയട്ടെ ബദ്റിന്റെ രണാങ്കണത്തിൽ നമ്മുടെ പ്രിയപ്പെട്ടവർ ശത്രുക്കളുടെ കൈകളാൽ കൊല്ലപ്പെട്ടു.(ഹയാത്തെ മുഹമ്മദ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 379, മക്തബ ബുക് കോർണർ ഝലം)

ഏതായാലും ഖുറയ്ശി മൂപ്പന്മാർ ഹിന്ദിന്റെ വാക്കുകളോട് യോജിക്കുകയും സ്ത്രീകൾക്കും സൈന്യത്തോടൊപ്പം പോകാൻ അനുമതി നൽകുകയും ചെയ്തു. സൈന്യത്തോടൊപ്പമുണ്ടായിരുന്ന സ്ത്രീകളുടെ എണ്ണം 15 ആണെന്ന് പറയപ്പെടുന്നു. ഇതിൽ അബൂസുഫ്‌യാൻ തന്റെ ഭാര്യ ഹിന്ദ് ബിൻത് ഉത്ബയേയും ഇക്രിമ ബിൻ അബൂജഹ്ൽ തന്റെ ഭാര്യ ഉമ്മു ഹക്കീം ബിൻത് ഹാരിഥ് ബിൻ ഹിശാമിനേയും ഹാരിഥ് ബിൻ ഹിശാം തന്റെ ഭാര്യ ഫാത്വിമ ബിൻത് വലീദിനേയും സ്വഫ്‌വാൻ ബിൻ ഉമയ്യ തന്റെ ഭാര്യ ബുർസ ബിൻത് മസ്ഊദിനേയും ഇവർ അബ്ദുല്ലാഹ് ബിൻ സ്വഫ്‌വാന്റെ മാതാവുമായിരുന്നു കൂടെ കൂട്ടിയിരുന്നു. ഇബ്നു ഇസ്ഹാഖ് പറഞ്ഞു: അംറ് ബിൻ ആസ് തന്റെ ഭാര്യ റയ്ത്വ ബിൻത് മുന്നബിഹ് നേയും ത്വൽഹ ബിൻ അബീ ത്വൽഹ തന്റെ ഭാര്യ സ്വലാഫ് ബിൻത് സഅ്ദിനേയും കൂടെ കൂട്ടിയിട്ടുണ്ടായിരുന്നു. ഈ സ്ത്രീ ത്വൽഹയുടെ മക്കളായ മുസാഫിഅ്, ജുലാസ്, കിലാബ് എന്നിവരുടെ മാതാവുമായിരുന്നു. ഇവരെല്ലാം ഉഹുദുയുദ്ധത്തിൽ കൊല്ലപ്പെട്ടു. ബനൂമാലിക് ഗോത്രത്തിലെ ഖുന്നാസ് ബിൻത് മാലിക് തന്റെ മകൻ അബീ അസീസ് ബിൻ ഉമയ്റിന്റെ കൂടെയാണ് വന്നത്. ഇവർ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ മാതാവായിരുന്നു. ബനൂ ഹാരിഥ് ഗോത്രത്തിലെ അംറഹ് ബിൻത് അൽഖമയും യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

യുദ്ധത്തിനിടയിൽ ഹിന്ദ് ബിൻത് ഉത്ബയുടെ അടുക്കൽ (അടിമയായ) വഹ്ശി വരുമ്പോൾ അല്ലെങ്കിൽ വഹ്ശിയുടെ അടുത്ത് ഹിന്ദ് വരുമ്പോൾ ഹിന്ദ് അവനോട് ഇങ്ങനെ പറയുമായിരുന്നു: അബൂ ദസ്മ! (ഇത് അവന്റെ വിളിപ്പേരാകുന്നു) ഞങ്ങളുടെ മനസ്സിന് സമാധാനം ഉണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യുക. നീഗോ അടിമയായ വഹ്ശിയുടെ പക്കൽ ഒരു അമ്പുണ്ടായിരുന്നു. അത് ഏറെ വിഷം പുരട്ടിയതായിരുന്നു. അത് ആരുടെയെങ്കിലും ദേഹത്ത് തറച്ചാൽ അയാൾ ജീവനോടെ രക്ഷപ്പെടുമായിരുന്നില്ല. വഹ്ശി, ജുബയ്ർ ബിൻ മുത്ഇമിന്റെ അടിമയായിരുന്നു. അയാൾ വഹ്ശിയെ വിളിച്ചു പറഞ്ഞു: നീയും സൈന്യത്തോടൊപ്പം വരണം. നീ ഹംസയെ ശഹീദാക്കിയാൽ അതായത് വധിച്ചാൽ ഞാൻ നിന്നെ സ്വതന്ത്രനാക്കുന്നതാണ്. കാരണം ഹംസ എന്റെ പിതൃവ്യനായ ത്വയീമിയ ബിൻ അദിയ്യിനെ വധിച്ചിട്ടുണ്ട്.

ഈ സൈന്യം മദീനക്ക് എതിർഭാഗത്ത് ഉഹുദു മൈതാനത്ത് ബത്‌ൻ സബഖയൽ ഖനാത്ത് താഴ്‌വരയിലുളള അയ്നയ്ൻ മലയിലാണ് തമ്പടിച്ചത്. സബ്ഖ മദീനയിലെ അയ്നയ്ൻ, ജുർഫ് മലകൾക്കടുത്തുള്ള സ്ഥലമാകുന്നു. ജുർഫ് മദീനയിൽനിന്ന് മൂന്നുമൈൽ വടക്ക് സ്ഥിതി ചെയ്യുന്നു. അയ്നയ്ൻ ഉഹുദിലുള്ള ഒരു മലയുടെ പേരാകുന്നു. ഉഹുദിനും ഈ മലക്കുമിടയിൽ ഒരു താഴ്‌വരയുണ്ട്. കിനാഅ, മദീനക്കും ഉഹുദിനും ഇടയിൽ മദീനയിലെ അറിയപ്പെടുന്ന 3 താഴ്‌വരകളിൽ ഒന്നാകുന്നു. (അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം, പേജ് 522, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്). (ഫർഹങ്കെ സീറത്ത് പേജ് 87, 146, 216, 239, സവാർ അക്കാഡമി കറാച്ചി) (സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 296, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്). ഇതാണ് അത് സ്ഥിതി ചെയ്യുന്ന സ്ഥലം.

യുദ്ധത്തിന്റെ വിശദീകരണത്തിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് അബ്ബാസ്(റ), നബി(സ)തിരുമേനിക്ക് ഖുറയ്ശി സൈന്യത്തെ കുറിച്ച് അറിയിപ്പു നൽകിയിരുന്നു. അംറ് ബിൻ സാലിമാണ് മക്കാ മുശ്‌രിക്കീങ്ങളുടെ നീക്കത്തെ കുറിച്ചുള്ള വിവരം നബി(സ)തിരുമേനിയുടെ അടുത്തെത്തിച്ചത്. ഇക്കാര്യം അറിഞ്ഞപ്പോൾ അബൂസുഫിയാൻ സ്തബ്ദനായിപ്പോയി. അംറ് ബിൻ സാലിം തന്റെ ഏതാനും കൂട്ടുകാരോടൊപ്പം സീത്വുവാ എന്ന സ്ഥലത്തൂടെ ഖുറയ്ശി സൈന്യത്തിൽനിന്ന് അകന്നു മാറി അതിശീഘ്രം മദീനയിലെത്തി, കാഫിരീങ്ങളുടെ സൈന്യം ആക്രമിക്കാൻ വരുന്നുണ്ടെന്ന് അറിയിപ്പു നൽകി. അംറ് ബിൻ സാലിമിന്റെ ഈ സംഘം മദീനയിൽനിന്ന് തിരിച്ചു വരുമ്പോൾ അബവാഅ് എന്ന സ്ഥലത്തുവെച്ച് അബൂസുഫിയാന്റെ സൈന്യത്തെ രാത്രി സമയത്തുതന്നെ മറികടന്നു പോയിരുന്നു. അതായത് അവർ അവിടെ ഉണ്ടായിരുന്നപ്പോൾത്തന്നെ ഈ സംഘം ആ ഭാഗം മറികടന്നു പോയിരുന്നു. രാവിലെയായപ്പോൾ അബു സുഫിയാൻ മക്കയിലേക്ക് തിരിച്ചു. അബൂസുഫിയാനോട് വഴിയിൽവെച്ച്, അംറ് ബിൻ സാലിമും ഏതാനും കൂട്ടുകാരും രാത്രി സമയത്ത് മക്കയിലേക്ക് പോയെന്ന് ആരോ പറയുകയുണ്ടായി. അപ്പോൾ അബൂ സുഫിയാൻ പരിഭ്രാന്തനായിക്കൊണ്ട് പറഞ്ഞു: ദൈവത്താണ്! ഇവർ തീർച്ചയായും മുഹമ്മദിന്റെ അടുക്കൽ നമ്മുടെ നീക്കത്തെ കുറിച്ച് തീർച്ചയായും അറിവ് നൽകിയിട്ടായിരിക്കും വന്നിട്ടുണ്ടാകുക. അദ്ദേഹത്തിനു നമ്മളെക്കുറിച്ച് വിവരങ്ങളെത്തിച്ച് കൊടുത്തിരിക്കുന്നു. അദ്ദേഹത്തെ ജാഗരൂകരാക്കിയിരിക്കുന്നു. ഇനി നമ്മളെത്തുന്നതിനു മുമ്പേ മുസ്‌ലിമീങ്ങൾ തങ്ങളെ സുരക്ഷിതരാക്കിയിട്ടുണ്ടാകും. ഇങ്ങനെയായാൽ നമുക്ക് അവർക്കൊരു കോട്ടവും വരുത്താൻ കഴിയുന്നതല്ല. നമ്മുടെ ഉദ്ദേശ്യത്തിൽ

നമുക്ക് വിജയിക്കാനും സാധ്യമല്ല. അപ്പോൾ ഉടൻ തന്നെ സ്വഫ്‌വാൻ ബിൻ ഉമയ്യ പറഞ്ഞു: അവർ കോട്ടക്കുള്ളിൽനിന്ന് പുറത്ത് മൈതാനത്ത് നമ്മെ നേരിടാൻ വരുന്നില്ലെങ്കിൽ ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. നമുക്ക് ഔസിന്റെയും ഖസ്റജിന്റെയും ഈന്തപ്പന തോട്ടങ്ങൾ വെട്ടിമാറ്റാം. ആ നഷ്ടം അവർക്കൊരിക്കലും നികത്താൻ സാധ്യമല്ല. അവർ തങ്ങളുടെ സമ്പത്തും ധാന്യവും നഷ്ടപ്പെട്ടവരായിത്തീരും. പിന്നെ അവർ മരുഭൂമിയിൽ യുദ്ധത്തിനു വേണ്ടി പുറത്തുവന്നാലും പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല. നമ്മൾ അവരേക്കാളും എണ്ണത്തിലും കൂടുതലാണ്. നമ്മുടെയും അവരുടെയും ആയുധങ്ങൾ തമ്മിലുള്ള താരതമ്യത്തിലും പ്രസക്തിയില്ല. അവരുടെ പക്കൽ കുതിരകളില്ല. നമ്മുടെ പക്കൽ ഒരുപാട് കുതിരകളുണ്ട്. നമ്മൾ യുദ്ധത്തിൽ അവരുടെ ജീവനും സമ്പത്തിനും നഷ്ടം വരുത്താൻ കെൽപ്പുള്ളവരാണ്. അവർക്ക് നമ്മളുമായി അത്ര എളുപ്പത്തിൽ യുദ്ധം ചെയ്യാൻ കഴിയില്ല. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 443-444, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022)

ഇങ്ങനെ അയാൾ തന്റെ അഭിപ്രായങ്ങൾ വെളിപ്പെടുത്തി. ഏതായിരുന്നാലും മദീനയിലേക്ക് മുന്നേറുമ്പോൾ ഖുറയ്ശികൾ അബവാഅ് എന്ന സ്ഥലത്ത് താവളമടിച്ചു. അപ്പോൾ ഹിന്ദ് ബിൻത് ഉത്ബാ അബൂ സുഫിയാനോടു പറഞ്ഞു: നിങ്ങൾ മുഹമ്മദിന്റെ മാതാവിന്റെ ഖബർ മാന്തിപ്പൊളിക്കണം. അവിടെ അവരുടെ ഖബറുണ്ടായിരുന്നു. അവർ നിങ്ങളുടെ ഒരാളെ ബന്ദി ആക്കിയാൽ നിങ്ങൾ ഓരോരുത്തരുടെയും മോചനദ്രവ്യം എന്ന നിലക്ക് അയാളുടെ മാതാവിന്റെ ഓരോരോ അവയങ്ങൾ നൽകണം. വളരെ പൈശാചികമായ അഭിപ്രായമായിരുന്നു അത്. അബൂസുഫിയാൻ ഈ കാര്യം ഖുറയ്ശികളോടു പറയുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. ഖുറയ്ശികൾ അതിനു മറുപടിയായി പറഞ്ഞു:നിങ്ങൾ ആ ഖബ്ർ തുറക്കാതിരിക്കുകയാണ് നല്ലത്. അല്ലെങ്കിൽ ബനൂ ബക്ർ ഗോത്രം നമ്മുടെ പുരുഷന്മാരുടെ ഖബറുകൾ തോണ്ടുന്നതാണ്.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റത്ത്)

ഇത് വളരെ ഭയാനകമായ അഭിപ്രായമാകുന്നു. അത് സ്വീകരിക്കരുത്. ഏതായിരുന്നാലും ഇവർ വഴിയിൽ തമ്പടിച്ചിരുന്ന സ്ഥലങ്ങളിൽ ഒട്ടകത്തെ അറുത്തിരുന്നു. സ്ത്രീകൾ കവിതകൾ ചൊല്ലി അവരെ നല്ലപോലെ ആവേശഭരിതരാക്കിയിരുന്നു. മദ്യചഷകങ്ങൾ നൽകുകയും ശോകഗീതങ്ങൾ ആലപിക്കുകയും കരഞ്ഞ് വിലപിക്കുകയും മറ്റുള്ളവരെ ഭയപ്പെടുത്തുകയും പ്രതികാരവാഞ്ച ഉണ്ടാക്കുകയും ചെയ്തു കൊണ്ടിരുന്നു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 441, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ, 2022)

കാഫിരീങ്ങളുടെ ഈ സംഘം ഇങ്ങനെ മുന്നോട്ട് ഗമിക്കുകയായിരുന്നു. മറുഭാഗത്ത് മുസ്‌ലിമീങ്ങളും തങ്ങളുടെ നിലക്ക് തയ്യാറെടുപ്പുകൾ നടത്തിയിരുന്നു. ഇതേ കുറിച്ച് എഴുതുന്നു: നബി(സ)തിരുമേനി ഫളാലഃ യുടെ മക്കളായ അനസിനെയും മോനിസിനെയും ശവ്വാൽ മാസം ആദ്യ പത്തിലെ വ്യാഴാഴ്ച ദിവസം രാത്രി ചാരപ്രവർത്തത്തിന് അയച്ചിരുന്നു.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റത്ത്)

ഈ അവസരത്തിൽ തന്നെയായിരിക്കണം നബി(സ)തിരുമേനി മുസ്‌ലിമീങ്ങളുടെ അംഗബലവും ശക്തിയും മനസ്സിലാക്കുന്നതിനുവേണ്ടി മദീനയിലുള്ള എല്ലാ മുസ്‌ലിമീങ്ങളുടെയും കാനേഷുമാരിക്ക് നിർദേശം നൽകിയത്. അങ്ങനെ കാനേഷുമാരി നടത്തിയപ്പോൾ അതുവരെയും 1500 മുസ്‌ലിമീങ്ങളു ണ്ടെന്ന് മനസ്സിലായി. അന്നത്തെ അവസ്ഥയിൽ ഇത് ഒരു വലിയ എണ്ണമായിട്ടാണ് കണക്കാക്കിയത്.

അതുകൊണ്ടുതന്നെ ചില സ്വഹാബാക്കൾ സന്തോഷാധിക്യം നിമിത്തം ഇപ്പോൾ നമ്മൾ ആയിരത്തി അഞ്ഞൂറ് പേരായിരിക്കുന്നുവെന്നും ഇനി ആരെയും പേടിക്കേണ്ട കാര്യമില്ലെന്നും പറഞ്ഞിരുന്നു. പക്ഷേ, അവിടെത്തന്നെയുണ്ടായിരുന്ന ഒരു സഹാബി പറയുന്നു: ഇതിനുശേഷവും ഞങ്ങൾക്കുമേൽ വളരെ കഠിനമായ അവസ്ഥകൾ വന്നിരുന്നു. ചില സമയത്ത് പാത്തും പതുങ്ങിയും നമസ്കരിക്കേണ്ടി വന്നിട്ടുമു ണ്ട്. ഇതിനു മുമ്പേയും ഒരിക്കൽ നബി(സ)തിരുമേനി മുസ്‌ലിമീങ്ങളുടെ കാനേഷുമാരി ചെയ്യിച്ചിരുന്നു. അന്ന് അറുനൂറിനും എഴുനൂറിനും ഇടയിലായിരുന്നു മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എം.എ.പേജ് 483)

ഏതായിരുന്നാലും രണ്ടു സ്വഹാബിമാരെ നബി(സ)തിരുമേനി വിവരങ്ങളറിയുന്നതിന് അയച്ചിരുന്നു. അവർ അഖീഖ് എന്ന സ്ഥലത്ത് ഖുറയ്ശികളെ കാണുകയുണ്ടായി. തിരിച്ച് നബി(സ)തിരുമേനിയുടെ അടുക്കലെത്തി കാഫിരീങ്ങളുടെ സൈന്യത്തെക്കുറിച്ച് വിവരം നൽകുകയും ചെയ്തു. അഖീഖ് എന്ന പേരിൽ അറേബ്യൻ ദ്വീപിൽ നിരവധി താഴ്‌വരകളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് മദീനയിലുള്ള അഖീഖ് താഴ്‌വരയാണ്. അത് മദീനയുടെ തെക്കുപടിഞ്ഞാറ് മുതൽ വടക്കു കിഴക്കുവരെയും പരന്നു കിടക്കുന്നു. ഇതിൽ മദീനയുടെ എല്ലാ താഴ്‌വരകളും സംഗമിക്കുന്നു.(ഫർഹങ്കെ സീറത്ത്, പേജ് 204, സവാർ അക്കാഡമി കറാച്ചി)

ഏതായിരുന്നാലും അവർ വന്നു പറഞ്ഞു; കാഫിരീങ്ങളുടെ സൈന്യം തങ്ങളുടെ ഒട്ടകങ്ങളെയും കുതിരകളെയും ഉറയ്ള് എന്ന സ്ഥലത്തുള്ള കൃഷിയിടത്തിൽ വിട്ടിരിക്കുകയാണ്. ഉറയ്ളും മദീനയിൽ നിന്ന് മൂന്ന് മൈൽ അകലെയുള്ള ഒരു ഈന്തപ്പന തോട്ടമാകുന്നു.(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 6, പേജ് 65-66, പ്രസാധനം ദാറുസ്സലാം രിയാള്)

അവ അവിടെ ഒരു പച്ചപ്പും ബാക്കിയാക്കാതെ എല്ലാം തിന്നുതീർത്തു. മുശ്‌രിക്കീങ്ങൾ ബുധനാഴ്ചയാണ് കിനാഅ താഴ്‌വരയിലെത്തിയത്. വ്യാഴം വെള്ളി ദിവസങ്ങളിൽ അവരുടെ ഒട്ടകങ്ങൾ താഴ്‌വരയിലെ പച്ചപ്പ് മുഴുവൻ തിന്നുകൊണ്ടിരുന്നു. ഒരു പച്ചപ്പും ബാക്കിയായില്ല. നബി(സ)തിരുമേനി ഹുബാബ് ബിൻ മുൻദിറിനെയും അവരുടെ അടുക്കൽ അയച്ചിരുന്നു. അദ്ദേഹം അവരെ കണ്ടു തിരിച്ച് വന്നു. അവരുടെ എണ്ണത്തെയും സാധനസാമഗ്രികളെയും കുറിച്ച് ചിട്ടപ്പെടുത്തുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: നിങ്ങൾ അവരുടെ കാര്യം സംബന്ധിച്ച് ആരോടും പറയരുത്. ഹസ്ബുനല്ലഹു വ നിഅ്മൽ വക്കീലു അല്ലാഹുമ്മ ബിക്ക അജൂലു വി ബിക്ക ഉസ്വൂലു. അല്ലാഹു നമുക്ക് മതിയായവനാണ്. അവൻ നല്ല സംരക്ഷകനുമാകുന്നു. അല്ലാഹുവേ! നിന്നോടൊപ്പം തന്നെയാണ് ഞങ്ങൾ ചുറ്റിയടിക്കുന്നതും നിന്നോടൊപ്പം തന്നെയാണ് യുദ്ധം ചെയ്യുന്നതും. ഔസിലെയും ഖസ്റജിലേയും നേതാക്കന്മാരായ ഹദ്‌റത്ത് സഅ്ദ് ബിൻ മുആദും ഹദ്‌റത്ത് ഉസയ്ദ് ബിൻ ഹുളയ്റും ഹദ്‌റത്ത് സഅദ് ബിൻ ഉബാദയും മുശ്‌രിക്കീങ്ങൾ രാത്രി സമയത്ത് ആക്രമണം നടത്തിയെങ്കിലോ എന്ന ആശങ്ക കാരണം വെള്ളിയാഴ്ച രാത്രി ആയുധങ്ങളുമേന്തി മസ്ജിദിൽ നബി(സ)തിരുമേനിയുടെ കവാടത്തിനു മുന്നിലെത്തി. രാവിലെ വരെയും മദീനക്കും അവർ കാവൽ നിന്നു.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 183-184, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റത്ത്) (സീറത്തുൽഹൽബിയ്യ വാള്യം 2, പേജ് 297, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)

മക്ക മുശ്‌രിക്കീങ്ങളുടെ സൈന്യം മുസ്‌ലിമീങ്ങൾ മദീനയിൽനിന്ന് പുറപ്പെടും മുമ്പ ഖുനാത്ത് താഴ്‌വരയുടെ ഉപ്പുരസമുള്ള ചതുപ്പ് നിലത്ത് താവളം അടിച്ചിട്ടുണ്ടായിരുന്നു.(ഗസ്‌വയെ ഉഹുദ്, മുഹമ്മദ് അഹ്‌മദ് ബാ ശമൽ പേജ് 97)

മദീനയുടെ കിഴക്കും പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ ഈന്തപ്പനയുടെ നിറഞ്ഞ തോട്ടങ്ങളു ണ്ടായിരുന്നു. അതിലൂടെ കടന്ന് ഏതെങ്കിലും നാടിനെയോ പ്രദേശത്തെയോ ആക്രമിക്കുക എളുപ്പമായിരുന്നില്ല. കാരണം തോട്ടങ്ങളിലൂടെ ശത്രുക്കളുടെ ഓരോരോ ആളുകൾക്ക് വളരെ പ്രയാസപ്പെട്ട് മാത്രമേ മുന്നോട്ട് നീങ്ങാൻ കഴിയുമായിരുന്നുള്ളൂ. ഇങ്ങനെയായാൽ അക്രമികൾ വളരെവേഗം കൊല്ലപ്പെടുമായിരുന്നു. വടക്കുഭാഗത്തുടെ മാത്രമേ ആക്രമിക്കാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് ഖുറയ്ശികൾ വടക്കുപടിഞ്ഞാറ് ഭാഗത്താണ് താവളമടിച്ചത്. മുഴുവൻ ജനവാസവും ഒരു ഭാഗത്ത് മാത്രമല്ലായിരുന്നു. മലകൾക്കിടയിൽ വിശാലമായ മൈതാനത്ത് പലഭാഗങ്ങളിലായി ആവാസ കേന്ദ്രങ്ങളു ണ്ടായിരുന്നു. ചില ഗോത്രങ്ങൾ തങ്ങളുടെ ഭൂമിയുടെയും തോട്ടങ്ങളുടെയും അടുക്കൽ താമസിക്കാൻ സംവിധാനം ചെയ്തിരുന്നു. പലരും രണ്ടുനിലയുള്ള ഏറുമാടങ്ങൾ ഉണ്ടാക്കിയിരുന്നു. എന്തെങ്കിലും ആപത്തുണ്ടാകുന്ന സമയത്ത് കുട്ടികളെയും സ്ത്രീകളെയും അതിന്റെ മുകളിലെ നിലയിലേക്ക് കൊണ്ടുപോകുമായിരുന്നു. അങ്ങനെ സ്വസ്ഥമായി അക്രമികളെ അവർ നേരിടുമായിരുന്നു. (ഗസ്‌വാത്തുന്നബി(സ), മൗലാനാ അബുൽകലാം ആസാദ് പേജ് 63-64)

മറ്റൊരു ചരിത്രകാരൻ എഴുതുന്നു: ശത്രുക്കളുടെ സൈന്യം മുസ്‌ലിമീങ്ങളുടെ സൈന്യത്തിനും

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

മദീനക്കുമിടയിൽ കപടവിശ്വാസികളും യഹൂദികളും യുദ്ധം ചെയ്യാൻ കഴിയാത്ത മുസ്‌ലിമീങ്ങളും സ്ത്രീകളും കുട്ടികളുംമൊഴികെ മറ്റാരെയുതന്നെ രാവിലെ വരെയും തടുക്കാൻ ശത്രു സൈന്യത്തിന് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല.(ഗസ്‌വയെ ഉഹുദ്, മുഹമ്മദ് അഹ്മദ് ബാ ശമൽ പേജ് 99)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു: ഹിജ്റ മൂന്നാം വർഷം റമളാൻ അവസാനത്തിലോ ശവ്വാൽ ആരംഭത്തിലോ ആയിരുന്നു ഖുറയ്ശികളുടെ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടത്. സൈന്യത്തിൽ അറേബ്യായിലെ മറ്റു ഗോത്രങ്ങളിൽപ്പെട്ട നിരവധി യോദ്ധാക്കളും ഭാഗഭാക്കായിരുന്നു. അബൂസുഫിയാൻ ആയിരുന്നു സൈന്യാധിപൻ. സൈന്യത്തിന്റെ അംഗബലം 3000 ആയിരുന്നു. അതിൽ എഴുന്നൂറു പേർ പടച്ചട്ട അണിഞ്ഞവരായിരുന്നു. യാത്രയ്ക്കുള്ള സാധങ്ങളും ഒരുപാടുണ്ടായിരുന്നു. അതായത് 200 കുതിരകളും 3000 ഒട്ടകങ്ങളുമുണ്ടായിരുന്നു. യുദ്ധ സാമഗ്രികളും മതിയാവോളമുണ്ടായിരുന്നു. സ്ത്രീകളും പങ്കെടുത്തിരുന്നു. അബൂസുഫിയാന്റെ ഭാര്യ ഹിന്ദ്, ഇക്രിമ ബിൻ അബൂ ജഹ്ൽ, സ്വഫ്‌വാൻ ബിൻ ഉമയ്യ, ഖാലിദ് ബിൻ വലീദ് തുടങ്ങിയവരുടെ ഭാര്യമാരുമുണ്ടായിരുന്നു. ഈ സ്ത്രീകൾ അറബികളുടെ പുരാതന സംസ്കാരമനുസരിച്ച് പാട്ടു പാടുന്നതിനുള്ള സാധനസാമഗ്രികളും കൂടെ കരുതിയിരുന്നു. അതുകൊണ്ട് പ്രകോപനപരമായ കവിതകളുമായി തങ്ങളുടെ പുരുഷന്മാരെ ആവേശഭരിതരാക്കുകയായിരുന്നു ലക്ഷ്യം. ഖുറയ്ശികളുടെ ഈ സൈന്യം പത്ത് പതിനൊന്ന് ദിവസത്തെ യാത്രക്കുശേഷം മദീനയുടെ അടുത്തെത്തി. ഒരുപാട് കറങ്ങിത്തിരിഞ്ഞ് മദീനയുടെ വടക്കു ഭാഗത്തുള്ള ഉഹുദുമലയുടെ അടുക്കൽ തമ്പടിച്ചു. ഈ സ്ഥലത്തിനടുത്തുതന്നെയാണ് ഉറയ്ളയുടെ പച്ചളിപ്പുള്ള മൈതാനവുമുള്ളത്. ഇവിടെയാണ് മദീനയിലെ നാൽക്കാലികളെ മേച്ചിരുന്നത്. അവിടെ അല്പം കൃഷിയും നടത്തിയിരുന്നു. ഖുറയ്ശികൾ ഏറ്റവുമാദ്യം മേച്ചിൽ സ്ഥലങ്ങളിൽ ആക്രമണം നടത്തി താന്തോന്നിത്തം കാണിച്ചുതുടങ്ങി. നബി(സ)തിരുമേനി വാർത്ത ശേഖരിക്കാൻ പോയവരുടെ ഭാഗത്തുനിന്ന് സൈന്യത്തിന് അടുത്തേക്കെത്താനുള്ള അറിയിപ്പ് ലഭിച്ചപ്പോൾ തന്റെ ഒരു സ്വഹാബിയായ ഹുബാബ് ബിൻ മുൻദിറിനെ അയച്ച് ശത്രുക്കളുടെ എണ്ണവും കാര്യങ്ങളും മനസ്സിലാക്കി വരാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തോടു പറഞ്ഞു: ശത്രുക്കളുടെ എണ്ണം കൂടുതലും മുസ്‌ലിമീങ്ങൾക്ക് പ്രയാസകരമായ അവസ്ഥയുമാണെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ നബി9സ)തിരുമേനി പറയുകയുണ്ടായി, അതെക്കുറിച്ച് ആരോടും പറയരുത്. മറിച്ച് എന്റടുത്ത് ഒറ്റക്കുവന്ന് അറിയിപ്പു നൽകണം. മുസ്‌ലിമീങ്ങൾക്ക് അസ്വസ്ഥത ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണത്. ഏതായാലും ഹുബാബ് രഹസ്യവഴിയിലൂടെ പോയി വളരെ ജാഗ്രതയോടുകൂടി കുറഞ്ഞ സമയത്തിനുള്ളിൽ ത്തന്നെ തിരിച്ചു വന്ന് നബി(സ)തിരുമേനിയോടു കാര്യങ്ങൾ പറഞ്ഞു. ഈ ശത്രു സൈന്യത്തിന്റെ വരവിനെ കുറിച്ച് മദീനയിൽ വാർത്ത പരന്നിട്ടുണ്ടായിരുന്നു. ഉറയ്ളിൽ അവർ എങ്ങനെയാണ് തോട്ടം നശിപ്പിച്ചത് സംബന്ധിച്ചും പൊതുവിൽ എല്ലാവർക്കും അറിയിപ്പ് ലഭിച്ചിരുന്നു. ചുരുക്കത്തിൽ പൊതു ജനങ്ങൾക്ക് കാഫിരീങ്ങളുടെ സൈന്യത്തെ കുറിച്ച് വിശദമായ അറിയിപ്പ് നൽകിയിട്ടിട്ടുണ്ടായിരുന്നില്ല. എങ്കിലും രാത്രി സമയത്ത് മദീനയിൽ വളരെ ഭയവും ആശങ്കയുമുള്ള സാഹചര്യമായിരുന്നു. പ്രധാനപ്പെട്ട പല സ്വഹാബാക്കളും രാത്രി മുഴുവനും നബി(സ)തിരുമേനിയുടെ വീടിന് ചുറ്റും കാവൽ നിന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ.പേജ് 483-484)

ഉഹുദുയുദ്ധത്തിന്റെ തയ്യാറെടുപ്പിനു നബി(സ) തിരുമേനി കൂടിയാലോചന നടത്തുകയുണ്ടായി. ആ സന്ദർഭത്തിൽ അവിടന്ന് പറഞ്ഞു: രാത്രി ഞാൻ ഒരു സ്വപ്നം കണ്ടിരിക്കുന്നു. ഒരു പശു അറുക്കപ്പെടുന്നു. എന്റെ വാളായ സുൽഫിഖാറിന്റെ വായ്ത്തല പൊട്ടിയതായും ഞാൻ കണ്ടു.മറ്റൊരു നിവേദനത്തിൽ പറയുന്നു: എന്റെ വാളിന്റെ പിടി പൊട്ടിയതായി ഞാൻ കണ്ടു. വേറെ ഒരു നിവേദനത്തിൽ പറയുന്നു, എന്റെ വാൾ സുൽഫിഖാറിന്റെ പിടിയിൽ വിള്ളൽ വീണത് ഞാൻ കാണുകയുണ്ടായി. ഈ രണ്ടു സംഗതികളും ഏതോ ഒരു പ്രയാസത്തെ കുറിച്ചുള്ള സൂചനയായിരുന്നു. തുടർന്ന് ഞാൻ വളരെ ഉറച്ച ഒരു പടച്ചട്ടയിൽ കൈയിടുന്നതായി കാണുകയുണ്ടായി. വേറെ ഒരു നിവേദനത്തിൽ ഞാൻ ശക്തമായ പടച്ചട്ട അണിഞ്ഞു എന്നും പറയുന്നു. ഒരു ചെമ്മരിയാടിന്റെ പുറത്ത് യാത്ര ചെയ്യുന്നതായി കാണുകയുണ്ടായി. സ്വഹാബാക്കൾ നബി(സ)തിരുമേനിയോടു ചോദിച്ചു. അങ്ങ് ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്? നബി(സ)തിരുമേനി പറഞ്ഞു: പശു കൊണ്ട് ഉദ്ദേശിക്കുന്നത് എന്റെ ചില സ്വഹാബാക്കൾ ശഹീദാകുമെന്നാണ്. ഒരു നിവേദനത്തിൽ പറയുന്നു: പശുക്കൾ അറക്കപ്പെടും എന്നതിന്റെ വിശദീകരണം നമ്മളിൽ ചിലർ ശഹീദാകുമെന്നാണ്. എന്റെ വാളിന്റെ കൈപ്പിടിയിൽ വിള്ളൽ വീണത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്റെ വീട്ടിലെയോ കുടുംബത്തിലെയോ ഏതെങ്കിലും വ്യക്തി കൊല്ലപ്പെടും, എന്നാണ്. മറ്റൊരു നിവേദനത്തിലുള്ള എന്റെ വാളിന്റെ വായത്തല പൊട്ടിയതിന്റെ വിവക്ഷിതം ഈ നഷ്ടം നിങ്ങൾക്ക് ആർക്കും ആയിരിക്കുന്നതല്ലെന്നാണ്. അതായത് കുടുംബത്തിന് പുറത്ത് മറ്റാരെയും അത് ബാധിക്കുന്നതല്ല. ഇവിടെ ഫുലൂൽ എന്ന പദമാണ് വന്നിട്ടുള്ളത്. അതിന്റെ അർഥം വാളിന്റെ വായ്ത്തല പൊട്ടിപ്പോവുക എന്നാണ്. പിന്നെ വാളിന്റെ കൈപ്പിടിയിൽ വിള്ളൽ വീണതുകൊണ്ട് അല്ലെങ്കിൽ അത് പൊട്ടുന്നത് കൊണ്ടുള്ള ഉദ്ദേശം രണ്ടു ആപത്തുകൾ അഭിമുഖീകരിക്കേണ്ടിവരുമെന്നാണ്. ഉറപ്പുള്ള പടച്ചട്ട കൊണ്ടുള്ള വിവക്ഷിതം മദീനയാണ് കവചം എന്നാകുന്നു. ചെമ്മരിയാട് കൊണ്ട് ഉദ്ദേശിക്കുന്നത് ഞാൻ ശത്രുക്കളുടെ സഹായികളെ വധിക്കുമെന്നാണ്.

എന്തായാലും നബി(സ)തിരുമേനി യുദ്ധസംബന്ധമായി കൂടിയാലോചന നടത്തി. ഇബ്നു ഉത്ബ, ഇബ്നു ഇസ്ഹാഖ്, ഇബ്നു സഅ്ദ്, തുടങ്ങിയവർ പറയുന്നു: നബി(സ)തിരുമേനി ഈ സ്വപ്നം വെള്ളിയാഴ്ച രാത്രിയാണ് കണ്ടത്. രാവിലെ ആയപ്പോൾ അവിടന്ന് സ്വഹാബാക്കളുടെ അടുത്തെത്തി. അല്ലാഹുവിനെ സ്തുതിച്ച തിനുശേഷം തന്റെ സ്വപ്നം വിവരിച്ചു. തുടർന്ന് പറഞ്ഞു: നിങ്ങൾ അഭിപ്രായപ്പെടുകയാണെങ്കിൽ മദീനയിൽത്തന്നെ തങ്ങാം. സ്ത്രീകളെയും കുട്ടികളെയും നമുക്ക് കോട്ടകളിലെത്തിക്കാം. അവർ പുറത്താണ് നില്ക്കുന്നതെങ്കിൽ അത് ഏറ്റവും മോശം സ്ഥലമായിരിക്കും. അവർ നമ്മുടെ പട്ടണത്തിൽ പ്രവേശിക്കുകയാണെങ്കിൽ നമ്മൾ അവരുമായി തെരുവോരങ്ങളിൽ ഏറ്റുമുട്ടുന്നതായിരിക്കും കാരണം നമുക്ക് അവർ വരുന്ന വഴിയേകുറിച്ച് അവരെക്കാൾ നന്നായി അറിയാം. കുന്നുകളുടെ മുകളിൽനിന്ന് അവർക്ക് നേരെ കല്ലെറിയാനും കഴിയുന്നതാണ്. അവർ എല്ലാ ഭാഗത്തു നിന്നും മദീനയെ നിർമാണ പ്രവർത്തികൾ കൊണ്ട് സുരക്ഷിതമാക്കിയിട്ടുണ്ടായിരുന്നു. മദീന ഒരു കോട്ട പോലെ ആയിരുന്നു. നബി(സ)തിരുമേനി പറഞ്ഞ അഭിപ്രായം തന്നെയായിരുന്നു മുഹാജിരീങ്ങളും അൻസ്വാരികളായ മുതിർന്ന സ്വഹാബാക്കൾക്കുമുണ്ടായിരുന്നത്. അബ്ദുല്ലാഹ് ബിൻ ഉബയ്യും ഇതേ അഭിപ്രായമാണ് പറഞ്ഞത്. എന്നാൽ, മുസ്‌ലിമീങ്ങളുടെ ഒരു വിഭാഗം പറഞ്ഞു: അതിൽ ഭൂരിപക്ഷം യുവാക്കളുമായിരുന്നു. അവർക്ക് ബദ്റിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അവർക്ക് ശഹീദാകാനുള്ള അഗമ്യമായ ആഗ്രഹവുമുണ്ടായിരുന്നു. ശത്രുക്കളുമായിപൊരുതാൻ ആഗ്രഹിച്ചിരുന്നു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! നമ്മൾ മദീനക്ക് പുറത്ത് ശത്രുക്കളുടെ അടുക്കൽ പോകുന്നതാണ്. നമ്മൾ ഭീരുക്കളാണെന്ന് അവർ കരുതാൻ ഇട വരരുത്. അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞു: യാ റസൂലല്ലാഹ്! മദീനയിൽത്തന്നെ തങ്ങിയാലും, പുറത്തുപോകരുത്. നമ്മൾ മദീനക്ക് പുറത്ത് അല്ലാഹുവാണ! ശത്രുക്കളുമായി ഏറ്റുമുട്ടിയപ്പോഴെല്ലാം പരാജയപ്പെട്ടതാണ്. എന്നാൽ, മദീനയിൽ യുദ്ധ ചെയ്തപ്പോഴെല്ലാം നമ്മൾ വിജയിക്കുകയാണുണ്ടായത്.(സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 297-298, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 185, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത്)

ഹംസത്ത് ബിൻ അബ്ദുൽ മുത്വലിബും സഅ്ദ് ബിൻ ഉബാദയും നുഅ്മാൻ ബിൻ മാലിക്കും പറഞ്ഞു; യാ റസൂലല്ലാഹ്! നമ്മൾ മദീനക്ക് പുറത്ത് പോയില്ലെങ്കിൽ നമ്മൾ ഭയമുള്ളവരാണെന്നു ശത്രുക്കൾ കരുതുമെന്നും നമ്മളെ ഭീരുക്കളാണെന്ന് ധരിക്കുമെന്നും ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ടാണ് നമ്മൾ പുറത്തേക്ക് പോകാത്തതെന്നും അവർ കരുതിയാൽ നമുക്കെതിരിൽ അവർക്ക് ധൈര്യം കൂടുമെ ന്നും ഞങ്ങൾ ഭയപ്പെടുന്നു. ബദ്റിൽ അന്ന് 300 ആളുകൾക്കൊപ്പമാണുണ്ടാ


(ശേഷം പേജ് 11ൽ)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

## ഖുത്ബ് ജുമുഅ

- ☐ ഉഹുദു യുദ്ധത്തിന് പുറപ്പെടുന്നതിനു മുമ്പേയുണ്ടായ സംഭവങ്ങളുടെ ചർച്ച
- ☐ ആയുധമണിഞ്ഞതിനുശേഷം പിന്നീട് ഊരിവെക്കുക എന്നത് അല്ലാഹുവിന്റെ നബിക്ക് ചേർന്നതല്ല; അതിനുമുമ്പേ അല്ലാഹു എന്തെങ്കിലും തീരുമാനിച്ചാലൊഴികെ. അതുകൊണ്ട് ഇപ്പോൾ അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുക. നിങ്ങൾ ക്ഷമയോടെ പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പമുണ്ടെന്ന് ദൃഢമായി വിശ്വസിച്ചുകൊള്ളുക
- ☐ അല്ലാഹുവിന്റെ നബി പടച്ചട്ടയണിഞ്ഞാൽ ഊരിവെക്കാറില്ല. ഇനിയെന്തുതന്നെ ഉണ്ടായാലും മുന്നോട്ടുതന്നെ പോകുന്നതായിരിക്കും. നിങ്ങൾ ക്ഷമയോടെ പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായമുണ്ടാകും.
- ☐ നാം അന്യാരാധകർക്കെതിരെ അവിശ്വാസികളുടെ സഹായം തേടുകയില്ല
- ☐ ഉഹുദിന്റെ താഴ്‌വരയിൽ സ്വഹാബാക്കളോടു നബി(സ)തിരുമേനിയുടെ പ്രസംഗം
- ☐ നിങ്ങൾ ജിഹാദിൽ ക്ഷമിച്ച് നിങ്ങളുടെ കർമങ്ങളാരംഭിക്കുകയും അതുമുഖേന അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അന്വേഷിക്കുകയും ചെയ്യുക.
- ☐ ഞാൻ നിങ്ങളോടു കൽപിക്കുന്നത് നിർബന്ധമായും ചെയ്യുക. കാരണം ഞാൻ നിങ്ങളുടെ സന്മാർഗത്തിൽ സന്തോഷമുള്ളവനാണ്.
- ☐ അഭിപ്രായ ഭിന്നതയും വഴക്കും ബലഹീനതകളുടെ അടയാളങ്ങളാണ്. അല്ലാഹു അതിഷ്ടപ്പെടുന്നില്ല.
- ☐ അല്ലാഹുവിന്റെ പക്കലെന്താണോ ഉള്ളത് ദാസൻ അവനെ അനുസരിക്കുന്നതിലൂടെ മാത്രമെ അത് കരസ്ഥമാക്കുകയുള്ളു.
- ☐ സത്യവിശ്വാസികൾക്കിടയിൽ, സത്യവിശ്വാസി ശരീരത്തിൽ തലയെന്നപോലെയാണ്. തലവേദന ഉണ്ടാകുമ്പോൾ ശരീരം മുഴുവൻ അതനുഭവിക്കുന്നു.
- ☐ ഇക്കാര്യങ്ങൾ ഇന്നു മുസ്‌ലിമീങ്ങളിലുണ്ടെങ്കിൽ ഒരു ശത്രുവും അവരുടെ നേരെ തലയുയർത്തി നോക്കുകയില്ല.
- ☐ ഫലസ്തീനിലെ പീഢിതർക്കുവേണ്ടി വീണ്ടും പ്രാർഥനയ്ക്കാഹ്വാനം
- ☐ ഫലസ്തീനുവേണ്ടി ദുആ ചെയ്യാൻ ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. ദുആ ചെയ്തുകൊണ്ടേ ഇരിക്കുക.
- ☐ കഴിഞ്ഞ ദിവസങ്ങളിൽ യുദ്ധം താൽക്കാലികമായി നിറുത്തിയപ്പോൾ വിചാരിച്ചതുപോലെതന്നെയാണ് ഇപ്പോൾ നടക്കുന്നത്. ഇസ്റായേൽ ഭരണകൂടം ആദ്യത്തെക്കാൾ രൂക്ഷമായ യുദ്ധം തുടരുകയാണ്. നിരപരാധികളായ കുട്ടികളും സ്ത്രീകളും ശഹീദാക്കപ്പെടുന്നു.
- ☐ മുസ്‌ലിം നാടുകളുടെ ശബ്ദത്തിൽ കുറച്ച് ശക്തി ഉണ്ടാകുന്നുണ്ട്. പക്ഷേ, എല്ലാവരും സംഘടിച്ച് ശ്രമിക്കാത്തിടത്തോളം ഒരു ഫലവുമുണ്ടാകുകയില്ല. അല്ലാഹു മുസ്‌ലിമീങ്ങളിൽ ഐക്യമുണ്ടാക്കുമാറാകട്ടെ.
- ☐ മുസ്‌ലിമീങ്ങൾ സംഘടിച്ച് ലോകത്തുന്നിന് അക്രമം അവസാനിപ്പിക്കാനുള്ളമാർഗമാകുമാറാകട്ടെ;തമ്മിലടിക്കുന്നതിനല്ല.
- ☐ ഈ അക്രമത്തെ തടയുന്നതിന് മുമ്പേയും ജമാഅത്തുകൾ മുഖേന സന്ദേശങ്ങളയച്ചിരുന്നു.നമ്മൾ ദുആയോടുകൂടി നമ്മുടെ ചുറ്റുമുള്ള ആളുകളിലും പ്രദേശങ്ങളിലും നിരന്തരം ശബ്ദമുയർത്തേണ്ടതാണ്. അല്ലാഹു നിരപരാധികളെ രക്ഷിക്കുമാറാകട്ടെ.
- ☐ ഹോളണ്ടു മുബല്ലിഗ് മർഹൂം അബ്ദുൽഹക്കീം സാഹിബിന്റെ ഭാര്യ മസ്ഊദ ബീഗം അക് മൽ സാഹിബ, വഖ്ഫെ സിന്ദഗിയും തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്കൂൾ റബ്‌വ അധ്യാപകനുമായ മാസ്റ്റർ അബ്ദുൽ മജീദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2023 ഡിസംബർ 8, 1402 ഫതഹ് 8**
**മസ്ജിദ് മുബാറക്ക് ഇസ്‌ലാമാബാദ് യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

കഴിഞ്ഞ ഖുത്ബയിൽ ഉഹുദുയുദ്ധത്തെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സംക്ഷിപ്തമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ കേൾപ്പിക്കാം. ആ മഹാത്മാവ് പറയുന്നു:മക്കക്കാരുടെ സൈന്യം ബദ്റിൽനിന്നു പലായനം ചെയ്തപ്പോൾ തങ്ങൾ മദീനയെ വീണ്ടും ആക്രമിക്കുന്നതാണെന്നും യുദ്ധത്തിൽ തങ്ങൾക്കുണ്ടായ നഷ്ടത്തിനു പകരം ചോദിക്കുന്നതാണെന്നും പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. ഒരൊറ്റ കൊല്ലമേ കഴിഞ്ഞുള്ളൂ, അവർ, സർവശക്തിയോടുംകൂടി മദീനയെ ആക്രമിക്കുകയും ചെയ്തു. തങ്ങൾക്കു അനുഭവപ്പെട്ട കടുത്ത പരാജയത്തിൽ അവർ അങ്ങേയറ്റം അപമാനിതരായിത്തീർന്നിരുന്നു. അതിനാൽ, യുദ്ധത്തിൽ കൊല്ലപ്പെട്ടുപോയ തങ്ങളുടെ ബന്ധുക്കളെച്ചൊല്ലി വിരഹാർത്തരാരുംതന്നെ അലമുറ നടത്തരുതെന്നു മക്കയിലെ മൂപ്പന്മാർ ശാസന പുറപ്പെടുവിക്കുകയുണ്ടായി. അക്കൊല്ലത്തെ കച്ചവടസംഘങ്ങൾക്ക് ലഭിക്കുന്ന മുഴുവൻ ആദായവും യുദ്ധഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അവർ പ്രമേയം പാസാക്കി. സർവായുധ സജ്ജീകൃതരായി മൂവായിരം ഭടന്മാരടങ്ങിയ ഒരു സൈന്യം അബൂസുഫിയാന്റെ നേതൃത്വത്തിൽ മദീനയെ ആക്രമിക്കാൻ പുറപ്പെട്ടു.

വിവരമറിഞ്ഞ നബി(സ)തിരുമേനി ആലോചനായോഗം വിളിച്ചു കൂട്ടി. മദീനക്കുള്ളിൽ വെച്ചോ പുറത്തുവെച്ചോ എങ്ങനെയാണ് ശത്രുസൈന്യത്തെ നേരിടേണ്ടതെന്ന് അദ്ദേഹം അനുയായികളോട് അഭിപ്രായമാരാഞ്ഞു. മദീനയ്ക്കകത്തുവെച്ചാവുന്നതാണ് നല്ലതെന്നായിരുന്നു തിരുമേനിയുടെ സ്വന്തം അഭിപ്രായം. മദീനയ്ക്കകത്തുതന്നെ മുസ്‌ലിമീങ്ങളെല്ലാം താമസിച്ചുകൊള്ളട്ടെയെന്നും മക്കക്കാർ വന്നു അവരെ വീട്ടിൽ കടന്നാക്രമിക്കട്ടെയെന്നുമായിരുന്നു നബി(സ)തിരുമേനിയുടെ നിലപാട്. അങ്ങനെയായാൽ ആക്രമണത്തിന്റെ സർവോത്തരവാദിത്വങ്ങളും ശത്രുവിനു തന്നെയായിത്തീരും. എന്നാൽ, ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കാതിരുന്ന പലരും ആലോചനാസഭയിലുണ്ടായിരുന്നു. ദൈവമാർഗത്തിൽ സമരം ചെയ്യാൻ അവർക്ക് അതിയായ ആവേശമുണ്ടായിരുന്നു. തുറന്ന നിലയിലുള്ള ഒരു യുദ്ധംതന്നെ നടത്തുന്നതിനും അങ്ങനെ സമരക്കളത്തിൽവച്ചു വീരസ്വർഗം വരിക്കാൻ തങ്ങൾക്കവസരമുണ്ടാക്കുന്നതിനും അവർ നിർബന്ധം കാണിച്ചു. അങ്ങനെ ആ പൊതുവഭിപ്രായം നബി(സ)തിരുമേനി സ്വീകരിക്കുകയും ചെയ്തു.

ഈ ആലോചനകൾ നടന്നു കൊണ്ടിരിക്കുന്നതിനിടയിൽ നബി(സ)തിരുമേനി താൻ കണ്ട

### • അല്ലാഹുവിന്റെ കലാം: •

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


### • അല്ലാഹുവിന്റെ കലാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**


ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

ഒരു സ്വപ്നവും വിവരിക്കുകയുണ്ടായി: ഞാൻ ഒരു ദർശനത്തിൽ ഒരു പശുവെ കാണുകയുണ്ടായി. എന്റെ വാളിന്റെ വായ്ത്തല പൊട്ടിപ്പോയതായും കണ്ടു. പശു അറുക്കപ്പെടുന്നതായും എന്റെ കൈകൾ പടയങ്കിക്കുള്ളിൽ ഒതുക്കിവെച്ചിരിക്കുന്നതായും ഞാൻ ദർശിച്ചു. ഞാൻ ഒരു മുട്ടാടിന്റെ പുറത്തു സഞ്ചരിക്കുന്നതായും കാണുകയുണ്ടായി. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനമെന്താണെന്ന് ശിഷ്യഗണം ചോദിച്ചപ്പോൾ നബി(സ)തിരുമേനി ഇപ്രകാരം പറഞ്ഞു: പശു അറുക്കപ്പെടുന്നതായി കണ്ടതിന്റെ അർഥം ചില സഖാക്കൾ ഈ യുദ്ധത്തിൽ കൊല്ലപ്പെടുമെന്നാകുന്നു. എന്റെ ബന്ധുക്കളിൽ പ്രധാനികളാരെങ്കിലും മരിക്കുമെന്നാണ് വാളിന്റെ വായ്ത്തല പൊട്ടിയതു സൂചിപ്പിക്കുന്നത്. എനിക്കുതന്നെയും ഏതെങ്കിലും തരത്തിലുള്ള പരിക്കോ വേദനയോ ഏൽക്കാനും സാധ്യതയുണ്ട്. ഞാൻ കൈകൾ പടയങ്കിക്കുള്ളിൽ വെച്ചതിന്റെ അർഥം നമ്മൾ മദീനയിൽത്തന്നെ നിൽക്കുന്നതാണ് നന്നായിരിക്കുകയെന്നത്രെ. ഞാൻ ഒരു മുട്ടാടിന്റെ പുറത്ത് സഞ്ചരിക്കുന്നതായി കണ്ടതിന്റെ അർഥം അവിശ്വാസികളുടെ പടനായകനെ നമ്മൾ കീഴ്പ്പെടുത്തുമെന്നും അഥവാ അവൻ നമ്മുടെ കൈയാൽ കൊല്ലപ്പെടുമെന്നുമത്രെ.(ബുഖാരി, ഹിശാം, ത്വബഖാത്ത്)

ഈ സ്വപ്നവും അതിന്റെ അർഥവും അനുസരിച്ചു മുസ്‌ലിമീങ്ങൾ മദീനയിൽത്തന്നെ നിൽക്കുന്നതായിരുന്നു യുക്തമെന്നു വ്യക്തമാണല്ലോ. എന്നാൽ, നബി(സ)തിരുമേനി ഇക്കാര്യത്തിൽ നിർബന്ധം പിടിച്ചില്ല. എന്തെന്നാൽ, സ്വപ്നത്തിനു സ്വന്തത്തിലൊരർഥം താൻ നൽകിയെന്നല്ലാതെ അതു വെളിപാടു മുഖേനയുള്ള അറിവിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നില്ല. ആകയാൽ, ഭൂരിപക്ഷത്തിന്റെ അഭിപ്രായം തിരുമേനി സ്വീകരിക്കുകയും അപ്രകാരം മദീനക്കു പുറത്തുവെച്ചു തന്നെ ശത്രുവുമായി ഏറ്റുമുട്ടാൻ തീരുമാനിക്കുകയും ചെയ്തു.(ദീബാച്ഛ തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം, വാള്യം 20, പേജ് 247-248)

സ്വപ്നങ്ങളിൽ ലഭിക്കുന്ന സൂചനകളെ സംബന്ധിച്ച് ഈ സ്വപ്നത്തിന് അനുബന്ധമായി നബി(സ)തിരുമേനിയുടെ ആലങ്കാരിക പ്രയോഗത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:നബി(സ)തിരുമേനിയുടെ ദർശനങ്ങളിലും സ്വപ്നങ്ങളിലുമുള്ള ആലങ്കാരികോക്തികൾ ഹദീഥ് പഠിതാക്കളിൽനിന്ന് ഗോപ്യമല്ല. ഒരിക്കൽ കശ്ഫിൽ അതായത് ജാഗ്രദർശനത്തിൽ തന്റെ കൈയിൽ രണ്ടു സ്വർണ വളകൾ അണിഞ്ഞതായി കണ്ടു. അതുകൊണ്ട് രണ്ടു വ്യാജവാദികളായിരുന്നു വിവക്ഷിതം. അവർ വ്യാജപ്രവാചകത്വവാദം പുറപ്പെടുവിക്കുകയുണ്ടായി. മറ്റൊരിക്കൽ നബി(സ)തിരുമേനി സ്വപ്നത്തിൽ പശുക്കൾ അറുക്കപ്പെടുന്നതായി കണ്ടിരുന്നു. അതിന്റെ വിവക്ഷിതം ഉഹുദു യുദ്ധത്തിൽ ശഹാദാക്കപ്പെട്ട സ്വാഹബാക്കളായിരുന്നു. ഇത്തരത്തിലുള്ള ഒരുപാട് ഉദാഹരണങ്ങൾ മറ്റു പ്രവാചകന്മാരുടെ കശ്ഫുകളിലും കാണാൻ കഴിയുന്നുണ്ട്. പ്രത്യക്ഷത്തിൽ ഒരു കാര്യം കാണിക്കപ്പെടുന്നു, യഥാർഥത്തിൽ അതിന്റെ വിവക്ഷിതം മറ്റൊന്നായിരുന്നു. അതിനാൽ പ്രവാചകന്മാരുടെ വചനങ്ങളിൽ ആലങ്കാരോക്തികൾ ഉണ്ടാകുന്നത് ഒരിക്കലും അപൂർവമല്ല.(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 133, അടിക്കുറിപ്പ്)

ഏതായിരുന്നാലും പുറത്തുപോയി യുദ്ധം ചെയ്യാമെന്ന് തീരുമാനമായപ്പോൾ നബി(സ)തിരുമേനി തയ്യാറെടുപ്പ് നടത്താൻ സ്വഹാബത്തിന് കൽപന നല്കി. അവിടന്ന് സ്വന്തം നിലയ്ക്കും യുദ്ധത്തിന് തയ്യാറെടുപ്പ് തുടങ്ങി.

ഇതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു:സ്വപ്നങ്ങളുടെ വെളിച്ചത്തിൽ നബി(സ)തിരുമേനി പുറത്തുപോയി യുദ്ധം ചെയ്യുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, ആളുകൾ തുടർച്ചയായി നിർബന്ധിച്ചപ്പോൾ നബി(സ)തിരുമേനി അവരുടെ അഭിപ്രായം അംഗീകരിക്കുകയായിരുന്നു. നബി(സ)തിരുമേനി ജുമുഅ നമസ്കരിക്കുകയും അവർക്കുമുമ്പിൽ ഉപദേശപ്രസംഗം നടത്തുകയും ചെയ്തു. പൂർണശ്രദ്ധയോടും ധൈര്യത്തോടും കൂടി യുദ്ധം ചെയ്യാൻ അവർക്ക് കൽപനനല്കി. ജനങ്ങൾ ക്ഷമയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹു അവർക്ക് വിജയം നല്കുന്നതാണെന്ന് സുവാർത്തയും നല്കി. അതുകഴിഞ്ഞ് അവരോടു യുദ്ധത്തിന് തയ്യാറാകാൻ കൽപിച്ചു. ജനങ്ങൾ ഈ കൽപന കേട്ടപ്പോൾ സന്തോഷിച്ചു. പിന്നീട് നബി(സ)തിരുമേനി എല്ലാവരോടുമൊപ്പം അസ്വ്ർ നമസ്കരിച്ചു. ഈ നേരത്തിനുള്ളിൽ അയൽപക്കത്തുള്ള പ്രദേശങ്ങളിലെ ആളുകളും എത്തിക്കഴിഞ്ഞിരുന്നു. പിന്നീട് നബി(സ)തിരുമേനി അബൂബക്റിനോടും ഉമറിനോടുമൊപ്പം തന്റെ വീട്ടിൽപ്പോയി. അവരിരുവരും നബി(സ) തിരുമേനിയ്ക്ക് തലപ്പാവ് കെട്ടുകയും പടച്ചട്ട അണിയിക്കുകയും ചെയ്തു. ആളുകൾ അണിയണിയായി നബി(സ)തിരുമേനിയെ കാത്തു നിൽക്കുകയായിരുന്നു. ആ നേരത്ത് ഹദ്റത്ത് സഅ്ദ് ബിൻ മുആദും അസീദ് ബിൻ ഖുളയ്റും ജനങ്ങളോടു പറഞ്ഞു:നിങ്ങൾ നബി(സ)തിരുമേനിയെ അവിടത്തെ ഇംഗിതത്തിന് വിരുദ്ധമായി വെളിയിൽപ്പോയി യുദ്ധ ചെയ്യാൻ നിർബന്ധിച്ചിരിക്കുന്നു. അതുകൊണ്ട് ഇനിയെങ്കിലും ഇക്കാര്യം നബി(സ)തിരുമേനിയ്ക്ക് വിട്ടുകൊടുക്കുക. അവിടന്ന് എന്തു കൽപിച്ചാലും എന്ത് അഭിപ്രായപ്പെട്ടാലും അതിൽ നമുക്ക് നന്മ ഉണ്ടായിരിക്കും. അതിനാൽ നബി(സ)തിരുമേനിയെ അനുസരിക്കുവിൻ. നബി(സ)തിരുമേനി പടച്ചട്ടയണിഞ്ഞ് പുറത്തുവന്നു. അവിടന്ന് ഇരട്ട പടച്ചട്ടയാണ് ധരിച്ചിരുന്നത്. അതായത് ഒന്നിനുമുകളിൽ മറ്റൊന്നും ധരിച്ചിരുന്നു. ഇത് ദാത്തുൽഫുളൂലും ഫിള്ളഃ എന്നപേരുള്ള പടച്ചട്ടയുമാിരുന്നു. ദാത്തുൽഫുളൂൽ എന്നു പേരുള്ള പടച്ചട്ട നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിന് പോകുന്ന അവസരത്തിൽ ആ മഹാത്മാവിന് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ),അയച്ചു കൊടുത്തതായിരുന്നു. നബി(സ)തിരുമേനി വഫാത്താകുമ്പോൾ ഈ പടച്ചട്ട ഒരു യഹൂദിയുടെ പക്കൽ പണയം വെച്ചിരിക്കുകയായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ)അത് തിരിച്ചെടുത്തു. നബി(സ)തിരുമേനി തന്റെ ഒരു വശത്ത് വാൾ തൂക്കിയിട്ടിരുന്നു; പുറത്ത് ആവനാഴിയും. ഒരു നിവേദനത്തിൽ നബി(സ)തിരുമേനി സക്ബ് എന്നുപേരുള്ള കുതിരപ്പുറത്താണ് സഞ്ചരിച്ചിരുന്നതെന്ന് എഴുതിയിട്ടുണ്ട്. അമ്പുംവില്ലും കൈയിൽ കരുതിയിരുന്നു. വില്ല് തൂക്കിയിടുകയും കുന്തം കൈയിലെടുക്കുകയും ചെയ്തിരുന്നു. എന്തായാലും ഈ രണ്ടു കാര്യങ്ങളും ആവശ്യമുണ്ടായിട്ടുണ്ടാകും. നബി(സ)തിരുമേനി വീട്ടിൽനിന്ന് പുറത്തുവരുമ്പോൾ അവിടന്ന് ആയുധമണിഞ്ഞിരുന്നത് വിവിധ ആളുകൾ കണ്ടു. അപ്പോൾ മാലിക് ബിൻ അംറ് നജ്ജാരി (റ)വഫാത്തായ വിവരം നബി(സ)തിരുമേനിയെ അറിയിച്ചു. അദ്ദേഹത്തിന്റെ മയ്യിത്ത് ജനാസ നമസ്കരിക്കുന്നിടത്ത് വെക്കപ്പെട്ടു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചു. ആളുകൾ ആ നേരത്ത് നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്!ഞങ്ങളൊരിക്കലും അങ്ങയുടെ അഭിപായങ്ങൾക്കെതിരിൽ നിൽക്കണമെന്നോ അങ്ങയെ നിർബന്ധിക്കണമെന്നോ ഉദ്ദേശിച്ചിരുന്നില്ല. അതുകൊണ്ട് അങ്ങ് ഇഷ്ടപ്പെടുന്ന രീതിയിൽ കാര്യങ്ങൾ നടത്തിയാലും. ഒരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്. അങ്ങ് പട്ടണത്തിനു പുറത്തുപോയി യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ലെങ്കിൽ ഇവിടെത്തന്നെ നമുക്ക് നില്ക്കാം. ഇതുകേട്ട നബി(സ)തിരുമേനി പറഞ്ഞു:ആയുധങ്ങൾ ധരിച്ചതിനുശേഷം അല്ലാഹു നബിക്കും ശത്രുക്കൾക്കുമിടയിൽ തീരുമാനമെടുക്കുന്നതിനുമുമ്പേ അതു അഴിച്ചുവെക്കുന്നത് അല്ലാഹുവിന്റെ പ്രവാചകന് ഭൂഷണമല്ല. മറ്റൊരു നിവേദനത്തിൽ യുദ്ധം ചെയ്യാതെ എന്നും വന്നിട്ടുണ്ട്.(സീറത്തുൽ ഹൽബിയ്യ , വാള്യം 2, പേജ് 298-299, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ. വാള്യം 4, പേജ് 186, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

നബി(സ)തിരുമേനിയുടെ തയ്യാറെടുപ്പിനേയും സ്വഹാബത്തിനുണ്ടായ അബദ്ധത്തെ പറ്റിയുള്ള ബോധ്യത്തേയും സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: നബി(സ)തിരുമേനി വീട്ടിനുള്ളിൽപ്പോയി. അവിടെ ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും സഹായത്തോടെ തലപ്പാവും വസ്ത്രവുമണിഞ്ഞു. തുടർന്ന് ആയുധങ്ങളും ധരിച്ച് അല്ലാഹുവിന്റെ നാമത്തിൽ പുറത്തുവന്നു. എന്നാൽ, ഇതിന്നിടയിൽ ചില മുതിർന്ന സ്വാഹബാക്കൾ യുവാക്കൾക്ക് കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തപ്പോൾ അവർക്ക് തങ്ങൾക്കുപറ്റിയ അബദ്ധം ബോധ്യപ്പെട്ടു. അതായത് നബി(സ)തിരുമേനിയുടെ അഭിപ്രായത്തിന്നെതിരിൽ അവർ തങ്ങളുടെ അഭിപ്രായത്തിൽ ശാഠ്യം കാണിക്കരുതായിരുന്നു!ഇതു ബോധ്യപ്പെട്ടപ്പോൾ അവരിൽ അധികപേരും ലജ്ജിക്കുകയുണ്ടായി. നബി(സ)തിരുമേനി ആയുധങ്ങളുമേന്തി ഇരട്ടപ്പടച്ചട്ടയുമണിഞ്ഞ് പുറത്തുവരുന്നത് കണ്ടപ്പോൾ അവർ കൂടുതൽ ലജ്ജിതരായി. അവർ ഏകസ്വരത്തിൽ പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു. അങ്ങയുടെ അഭിപ്രായ

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ത്തിന്നെതിരിൽ ഞങ്ങൾ സ്വന്തം അഭിപ്രായത്തിൽ ശഠിച്ചുനിൽക്കുകയാണുണ്ടായത്.അങ്ങ് എന്താണോ ഉചിതമായിക്കരുതുന്നത് അതനുസരിച്ച് പ്രവർത്തിച്ചാലും. ഇൻശാ അല്ലാഹ് അതിൽ അനുഗ്രഹമുണ്ടാകുന്നതാണ്.അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:

അല്ലാഹു ഒരു തീരുമാനം കൽപ്പിക്കുന്നതിനു മുമ്പേ നബിഅമിഞ്ഞ ആയുധങ്ങൾ അഴിച്ചുവെക്കുന്നത് അല്ലാഹുവിന്റെ നബിയുടെ അന്തസ്സിന് യോജിച്ച കാര്യമല്ല. ഇനി അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് പുറപ്പെടുക. നിങ്ങൾ ക്ഷമകൈക്കൊള്ളുകയാണെങ്കിൽ തീർച്ചയായും ദൈവ സഹായം നിങ്ങളോടൊപ്പമുണ്ടായിരിക്കുമെന്ന് ഉറച്ചു വിശ്വസിച്ചുകൊള്ളുക.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ), പേജ് 485-486)

ഹദ്റത്ത് മുസ്വ ്ലിഹ് മൗഊദും(റ)ഇതു സംബന്ധമായി പറഞ്ഞിട്ടുണ്ട്:എന്നാൽ, തിരുനബി(സ) യുദ്ധത്തിനായി പുറപ്പെട്ട് കഴിഞ്ഞപ്പോൾ, കൂടുതൽ വിശ്വാസാവേശമുള്ള ഒരു വിഭാഗം മുസ്‌ലിംകൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി. അവർ തിരുമേനിയെ സമീപിച്ചു പറഞ്ഞു. നബിയേ അങ്ങയുടെ അഭിപ്രായമാണ് ശരിയെന്നു തോന്നുന്നു. നാം മദീനയിൽത്തന്നെ ഉറച്ചു നിൽക്കുകയാണ് ഉത്തമം. മദീനയിലെ തെരുവുകളിൽ വെച്ചു നമുക്ക് ശത്രുക്കളെ നേരിടാം!

നബി(സ)തിരുമേനി പ്രതിവചിച്ചു, അതു ഇപ്പോഴല്ല പറയേണ്ടത്! അല്ലാഹുവിന്റെ പ്രവാചകൻ പോർച്ചട്ടയണിഞ്ഞു കഴിഞ്ഞു. ഇനിയെന്തു വന്നാലും മുന്നോട്ടു പോവുകതന്നെ! നിങ്ങൾ സ്ഥിരചിത്തരും ദൃഢവിശ്വാസികളുമാണെങ്കിൽ അല്ലാഹു നിങ്ങളെ നിശ്ചയമായും സഹായിക്കും. (ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 248)

അങ്ങനെ ഇസ് ലാമിക സൈന്യം പുറപ്പെടാൻ തയ്യാറെടുപ്പ് തുടങ്ങി. നബി(സ)തിരുമേനി 1000 പേരടങ്ങുന്ന സൈന്യവുമായി മദീനയിൽനിന്ന് പുറപ്പെട്ടു.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, ഭാഗം 3 പേജ് 448)

നബി(സ)തിരുമേനി ആ നേരത്ത് മൂന്ന് അമ്പുകൾ കൊണ്ടുവരാൻ പറഞ്ഞു. അവയിൽ മൂന്നു കൊടികൾകെട്ടി. ഔസ് ഗോത്രത്തിന്റെ പതാക ഉസയ്ദ് ബിൻ ഹുളയ്റിന് നല്കി. ഖദ്റജ് ഗോത്രത്തിന്റെ പതാക ഹുബാബ് ബിൻ മുൻദിറിന് നല്കി. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കാണ് നല്കിയതെന്ന് ചിലർ പറയുന്നുണ്ട്. മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അലിക്ക് നല്കി. മദീനയിൽ ബാക്കിയുള്ളവർക്ക് നമസ്കാരത്തിന് നേതൃത്വം നല്കാൻ ഇബ്നി ഉമ്മിമക്തൂമിനെ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു.

പിന്നീട് നബി(സ)തിരുമേനി തന്റെ കുതിരയായ മക്ബിൽ യാത്ര ആരംഭിച്ചു. വില്ല് തന്റെ കഴുത്തിലിടുകയും അമ്പുകൾ കൈയിൽ പിടിക്കുകയും ചെയ്തു. നിവേദനത്തിൽ വന്നിരിക്കുന്നു, ഉഹുദ് യുദ്ധ ദിവസം മുസ്‌ലിമീങ്ങളുടെ കൈയിൽ രണ്ടു കുതിരകളാണുണ്ടായിരുന്നത്. ഒരെണ്ണം നബി(സ)തിരുമേനിയുടെ കൈയിലായിരുന്നു. അതിന്റെ പേര് സക്ബ് എന്നായിരുന്നു. രണ്ടാമത്തേത് ഹദ്റത്ത് അബൂബുർദയുടെ കൈയിലായിരുന്നു. അതിന്റെ പേര് മുലാവിഹ് എന്നായിരുന്നു. മുസ്‌ലിമീങ്ങളും ആയുധങ്ങളെല്ലാം ചിട്ടയോടെ ഒരുക്കിവച്ചിരുന്നു. അവരിൽ 100 കവചധാരികളുണ്ടായിരുന്നു. രണ്ടു സഅ്ദുമാർ അതായത് സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിക്കു മുമ്പിലോടാൻ തുടങ്ങി. ഇവരിരുവരും പടച്ചട്ട അണിഞ്ഞിരുന്നു. ആളുകൾ നബി(സ)തിരുമേനിയുടെ ഇടത്തും വലത്തും വശങ്ങളിലായിരുന്നു.

നബി(സ)തിരുമേനി ഥനിയ്യ എന്ന സ്ഥലത്തെത്തിയപ്പോൾ ആയുധധാരികളായ വലിയൊരു സൈന്യത്തെ കണ്ടു. അവരുടെ ആയുധങ്ങളുടെ ശബ്ദം കേൾക്കാമായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു. ഇവരാരാണ്? സ്വഹാബത്ത് പറഞ്ഞു:ഇവർ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ സുഹൃത്തുക്കളായ യഹൂദികളാണ്. അവിടന്ന് ചോദിച്ചു: ഇവർ മുസ്‌ലിമീങ്ങളായിട്ടുണ്ടോ? ഇല്ലെന്ന് സ്വഹാബത്ത് പറഞ്ഞു: അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:നമ്മൾ മുശ്‌രിക്കീങ്ങൾക്കെതിരിൽ കാഫിരീങ്ങളുടെ സഹായം തേടുന്നവരല്ല.(സുബുലുൽഹുദാ വർറശാദ് . വാല്യം 4, പേജ് 186, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(അത്ത്വബഖാത്തുൽകുബ്റാ വാല്യം 1, പേജ് 380, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഇതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതിയിരിക്കുന്നു:നബി(സ)തിരുമേനി മുസ്‌ലിം സൈന്യത്തിനുവേണ്ടി 3 പതാക തയ്യാറാക്കിച്ചു. ഔസ് ഗോത്രത്തിന്റെ പതാക ഉസയ്ദ് ബിൻ ഹുളയ്റിന് നല്കി. ഖദ്റജ് ഗോത്രത്തിന്റെ പതാക ഹുബാബ് ബിൻ മുൻദിറിന് നല്കി. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കാണ് നല്കിയതെന്ന് ചിലർ പറയുന്നുണ്ട്. മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അലിക്ക് നല്കി. പിന്നീട് ഈ പതാക ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന് നല്കപ്പെട്ടു. തുടർന്ന് മദീനയിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമ്മിമക്തൂമിനെ ഇമാമുസ്സ്വലാത്തായി നിയമിച്ചുകൊണ്ട് അവിടന്ന് സ്വഹാബത്തിന്റെ വലിയൊരു സംഘത്തോടൊപ്പം അസ്ർ നമസ്കാരത്തിനുശേഷം പുറപ്പെട്ടു. ഔസ് ഖദ്റജ് ഗോത്രങ്ങളിലെ നേതാക്കന്മാരായ സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിയുടെ സവാരിയുടെ മുമ്പിൽ പതുക്കെപ്പതുക്കെ ഓടിക്കൊണ്ടിരുന്നു. മറ്റു സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ ഇടത്തും വലത്തും പിന്നിലുമായി നീങ്ങിക്കൊണ്ടിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യാൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 486)(ശറഹ് സുർഖാനീ, വാല്യം 2, പേജ് 398, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

നബി(സ)തിരുമേനി യാത്ര പുറപ്പെടുകയും ശേയ്ഖയ്ൻ എന്ന സ്ഥലത്തെത്തി അവിടെ താവളമടിക്കുകയും ചെയ്തു. ഇതു മദനയിലെ രണ്ടു മലകളാകുന്നു. ഇവിടെ എത്തിയശേഷം നബി(സ)തിരുമേനി സൈന്യത്തെ പരിശോധിച്ചു. 14 വയസ്സുള്ള അല്ലെങ്കിൽ 15 വയസ്സ് തികഞ്ഞിട്ടില്ലാവരെന്ന് തോന്നിവയവരെ അവിടന്ന് തിരിച്ചയച്ചു. (സീറത്ത് അൽഹൽബിയ്യ വാല്യം 2, പേജ് 300, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ മുത്തർറജിം വാല്യം 4, പേജ് 175)

ഇമാം ശാഫീ പകർത്തിയിരിക്കുന്നു:നബി(സ) തിരുമേനി 14 വയസ്സുള്ള 17 യുവാക്കളെ മടക്കി അയച്ചു. അവരെ നബി(സ)തിരുമേനിയുടെ മുമ്പിൽ കൊണ്ടുവന്നു. അവിടന്ന് 15 വയസ്സുള്ളവർക്ക് അനുമതി നല്കി. വയസ്സു കുറഞ്ഞ കാരണം തിരിച്ചുപോകാൻ പറഞ്ഞ യുവാക്കൾ ആവേശഭരിതരായിരുന്നു.അവരിൽ ചിലരുടെ പേരുകൾ നിവേദനങ്ങളിൽ കാണപ്പെടുന്നുണ്ട്. അബ്ദുല്ലാഹ് ബിൻ ഉമർ, സയ്ദ് ബിൻ ഥാബിത്, ഉഥാമ ബിൻ സയ്ദ്, സയ്ദ് ബിൻ അർഖം, ബറാഅ് ബിൻ ആസിബ്, ഉസയ്ദ് ബിൻ ളുഹയ്ർ, അറാബ ബിൻ ഔസ്, അബൂസയീദ് ഖുദ്രീ, ഔസ് ബിൻ ഥാബിത്, സഅ്ദ് ബിൻ ബഹീർ, ഇബ്നു മുആവിയ ബിഹൽബീ, സയീദ് ബിൻ ഹബ്ത്ത(ഹബ്ത്ത എന്നത് ഇദ്ദേഹത്തിന്റെ മാതാവിന്റെ പേരായിരുന്നു),സഅ്ദ് ബിൻ ഉഖയ്ബ്, സയ്ദ് ബിൻ ജാരിയ്യ, ജാബിർ ബിൻ അബ്ദുല്ലാഹ്(ഹദീഥുകൾ രിവായത്ത് ചെയ്തിട്ടുള്ള ജാബിർ ബിൻ അബ്ദുല്ലാഹ് അല്ല ഇത്, വേറൊരാളാണ്), റാഫിഅ് ബിൻ ഖദീജും സമുറഹ് ബിൻ ജുൻദുബും(റളിയല്ലാഹു അൻഹും)

റാഫിഅ് ബിൻ ഖദീജിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു:ഇയാൾ നല്ല അമ്പെയ്ത്തുകാരനാണ്. ഇദ്ദേഹത്തിന് നബി(സ)തിരുമേനി യുദ്ധത്തിൽ പങ്കെടുക്കാൻ അനുമതി നല്കുകയുണ്ടായി. ആദ്യം ഇദ്ദേഹത്തോടു മടങ്ങിപ്പോകാൻ പറഞ്ഞതാണ്. എന്നാൽ, അമ്പെയ്ത്തുകാരനാണെന്നറിഞ്ഞപ്പോൾ കൂടെപ്പോരാൻ അനുമതി നല്കി. അപ്പോൾ സമുറഹ് ബിൻ ജുൻദുബ് പറഞ്ഞു:നബി(സ)തിരുമേനി, റാഫിഅ് ബിൻ ഖദീജിനെ അനുമതി നല്കുകയും എന്നോടു മടങ്ങിപ്പോകാൻ പറയുകയും ചെയ്യുന്നു. യഥാർഥത്തിൽ എനിക്ക് ഗുസ്തിയിൽ അയാളെ തോൽപ്പിക്കാൻ കഴിയും. ഇതറിഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ ഗുസ്തി പിടിക്കുവിൻ. ഗുസ്തിയിൽ സമുറഹ് റാഫിഅ്നെ പരാജയപ്പെടുത്തി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിനും അനുമതി നല്കി.

നബി(സ)തിരുമേനി സൈന്യത്തെ പരിശോധിച്ചു കഴിഞ്ഞപ്പോൾ സൂര്യൻ അസ്തമിച്ചിരുന്നു. ഹദ്റത്ത് ബിലാൽ(റ)മഗ്‌രിബ് നമസ്കാരത്തിന് ബാങ്കു കൊടുത്തു. നബി(സ)തിരുമേനി നമസ്കരിപ്പിച്ചു. പിന്നീട് ഇശാഅ് ബാങ്കു കൊടുത്തു. അവിടന്ന് ഇശായും നമസ്കരിപ്പിച്ചു. ആ രാത്രി ശെയ്ഖയ്ൻ എന്ന സ്ഥലത്തുതന്നെ കഴിച്ചുകൂട്ടി. മുഹമ്മദ് ബിൻ മസ്‌ലമയെയായിരുന്നു അന്നത്തെ രാത്രി കാവലിനാക്കിയത്. ഇദ്ദേഹം 50 പേരോടൊപ്പം സൈന്യത്തിനു ചുറ്റും കറങ്ങിക്കൊണ്ടിരുന്നു. ഇന്ന് രാത്രി നമുക്ക് കാവൽ നില്ക്കുക ആരാണ്? അതായത് ഉദ്ദേശിച്ചത് തന്നോടു ഏറ്റവുമടുത്ത് ആരാണ് നില്ക്കുക എന്നായിരുന്നു;സംരക്ഷണത്തിന് ശരിയാംവണ്ണം ഏർപാടുണ്ടാക്കുന്നതിന്! അപ്പോൾ ദക്‌വാൻ ബിൻ അബ്ദുഖയ്സ് എഴുന്നേറ്റുനിന്നു. തന്റെ പടച്ചട്ട അണിയുകയും തുകൽകൊണ്ടുള്ള പരിച പിടിക്കുകയും ചെ്തുകൊണ്ട് നബി(സ)തിരുമേനിക്ക് കാവൽനിന്നു. ഒരു നിമിഷംപോലും അവിടെ നിന്നു മാറിയില്ല. നബി(സ)തിരുമേന് ഇടയത്താഴത്തിന്റെ സമയം വരെ വിശ്രമിച്ചു.(സുബുലുൽഹുദാ വർറശാദ് . വാല്യം 4, പേജ് 187, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

നിവേദനത്തിൽ വരുന്നു, രാവിലെ നബി(സ)തിരുമേനി പറഞ്ഞു:മലക്കുകൾ ഹദ്റത്ത് ഹംസയെ കുളിപ്പിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ സ്വപ്നം കണ്ടു.സീത്തുൽഹൽബിയ്യ വാല്യം 2, പേജ് 300, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)എഴുതുന്നു:ഉഹുദുമല മദീനയുടെ വടക്ക് ഏകദേശം മൂന്നുമൈൽ ദൂരെ സ്ഥിതി ചെയ്യുന്നു. അതിന്റെ പകുതിഭാഗത്തെത്തി ശെയ്ഖയ്ൻ എന്ന സ്ഥലത്ത് നബി(സ)തിരുമേനി തങ്ങി. സൈന്യത്തെ പരിശോധിക്കാൻ കൽപ്പിച്ചു. ദിഹാദിന്റെ ആവേശത്തിൽവന്നിരുന്ന കുട്ടികളെ തിരിച്ചയച്ചു. അങ്ങനെ അബ്ദുല്ലാഹ് ബിൻ ഉമർ, ഉസാമ ബിൻ സയ്ദ് അബൂസയീദ് ഖുദ് രീ എന്നിവരെല്ലാം തിരിച്ചയക്കപ്പെട്ടു. റാഫിഅ് ബിൻ ഖദീജ് ആ ചെറിയകുട്ടികളിൽപ്പെട്ട ആളായിരുന്നു. പക്ഷേ, നല്ല അമ്പെയ്ത്തുകാരനായിരുന്നു. ഈ പ്രത്യേകതകാരണം അദ്ദേഹത്തിന്റെ പിതാവ് നബി(സ)തിരുമേനിയുടെ അടുത്ത് മകനേയും കൂട്ടിവന്ന് ജിഹാദിന് അനുമതി നല്കണമെന്ന് ശിപാർശചെയ്തു. നബി(സ)തിരുമേനി റാഫിഅ്നെ കണ്ണുയർത്തി നോക്കിയപ്പോൾ അദ്ദേഹം യോദ്ധാക്കളെപ്പോലെ നെഞ്ചുവിരിച്ച് നിൽക്കുകയായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പ്രകടനം ഫലം ചെയ്തു. നബി(സ)തിരുമേനി

അദ്ദേഹത്തിന് കൂടെപ്പോരാൻ അനുവാദം നല്കി. ഇതുകണ്ടപ്പോൾ തിരിച്ചയക്കപ്പെട്ട് സമുറഹ് ബിൻ ജുൻദുബ് തന്റെ പിതാവിന്റെ അടുക്കലെത്തി തനിക്കും യുദ്ധത്തിന് പോകണമെന്നും താൻ റാഫിഅനെക്കാൾ ശക്തനാണെന്നും ഗുസ്തിയിൽ താൻ അവനെ തോൽപ്പിക്കുമെന്നും പറഞ്ഞു. കുട്ടിയുടെ ഈ ആത്മാർഥതയിൽ പിതാവ് വളരെ സന്തോഷിച്ചു. അങ്ങനെ അവനേയും കൂട്ടി നബി(സ)തിരുമേനിയുടെ അടുത്തുപോയി. തന്റെ മകന്റെ ആഗ്രഹം അറിയിച്ചു. നബി(സ)തിരുമേനി പുഞ്ചിരിച്ചുകൊണ്ട് അവരെക്കൊണ്ട് ഗുസ്തിപിടിപ്പിക്കാൻ പറഞ്ഞു. അങ്ങനെ മത്സരം നടന്നു, അവസാനം സമുറഹ്, റാഫിഅനെ കീഴ്പ്പെടുത്തി. നബി(സ)തിരുമേനി സമുറഹിനും കൂടെപ്പോരാൻ അനുവാദം നല്കി. പരിശുദ്ധരായ ആ മക്കൾ സന്തോഷഭരിതരായി.

ഇപ്പോൾ വൈകുന്നേരമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് ബിലാൽ ബാങ്കു കൊടുത്തു. സ്വാഹബാക്കളെല്ലാവരും നബി(സ)തിരുമേനിയെ പിന്തുടർന്ന് നമസ്കരിച്ചു. രാത്രി അവിടെത്തന്നെ താവളമടിക്കുകയും ചെയ്തു. രാത്രി കാവലിന് നബി(സ)തിരുമേനി മുഹമ്മദ് ബിൻ മസ്ലമയെ നേതാവാക്കി. നിശ്ചയിച്ചു. അദ്ദേഹം 50 സ്വഹാബത്തിനേയും കൊണ്ട് രാത്രിമുഴുവൻ വലംവെച്ച് കാവൽനല്കി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ), പേജ് 486-487)

അബ്ദുല്ലാ ബിൻ ഉബയ്യ് ബിൻ സുലൂൽ ആദ്യം കൂടെ വന്നതായിരുന്നു. വഴിയിൽവച്ച് മടങ്ങിപ്പോയി.

ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു:ഇടയത്താഴത്തിന്റെ നേരത്ത് നബി(സ)തിരുമേനി ശയ്ഖയ്ൻ എന്ന സ്ഥലത്തുനിന്ന് മുന്നോട്ടുപോയി. മദീനയുടേയും ഉഹുദിന്റേയുമിടയിൽ ശൗത്വ് എന്ന സ്ഥലത്തെത്തിയപ്പോൾ നമസ്കാരത്തിന്റെ സമയമായി.ഇവിടെ നബി(സ)തിരുമേനി സ്വുബ്ഹി നമസ്കരിച്ചു. ഖനാത്ത് താഴ്വരയുടേയും മദീനയുടേയും ഇടയ്ക്കുള്ള ഒരു സ്ഥലമാണ് ശൗത്. ഈ സ്ഥലത്തുവെച്ചാണ് അബ്ദുല്ലാ ബിൻ ഉബയ്യ് ബിൻ സുലൂലും തന്റെ കപടവിശ്വാസികളായ കൂട്ടുകാരോടൊപ്പം മടങ്ങിപ്പോയത്. അയാളുടെ കൂട്ടുകാരുടെ എണ്ണം 300 ആയിരുന്നു. അവരെല്ലാവരും കപടവിശ്വാസികളായിരുന്നു. മടങ്ങിപ്പോകുമ്പോൾ അബ്ദുല്ലാ ബിൻ ഉബയ്യ് പറഞ്ഞു:അയാൾ അതായത് നബി(സ)തിരുമേനി ഞാൻ പറഞ്ഞത് കേട്ടില്ല. കുട്ടികൾ പറഞ്ഞതാണ് കേട്ടത്. കുട്ടികൾ പറഞ്ഞതിൽപ്പെട്ടു. അവരുടേത് അഭിപ്രായമൊന്നുമായിരുന്നില്ല. ഞങ്ങളെന്തിന്റെ അടിസ്ഥാനത്തിലാണ് ജീവൻ നല്കേണ്ടതെന്ന് ഞങ്ങൾക്കറിയില്ല. ഇതാണ് അബ്ദുല്ലാഹ് പറഞ്ഞത്. അതുകൊണ്ട് ജനങ്ങളേ! മടങ്ങിപ്പോകുക. ചുരുക്കത്തിൽ മുനാഫിഖുകളുടെ നേതാവിന്റെ ഈ കൽപ്പന പ്രകാരം അയാളുടെ മുനാഫിഖുകളായ കൂട്ടുകാർ മുസ്ലിമീങ്ങളെ ഉപേക്ഷിച്ച് തിരിച്ചുപോയി. അവർ മടങ്ങിപ്പോകുന്നത് കണ്ട് ഹദ്റത്ത് ജാബിറിന്റെ പിതാവ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് അവരുടെ പിന്നാലെ പോയി. ഇദ്ദേഹവും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെപ്പോലെ ഖസ്റജ് ഗോത്രത്തിന്റെ വലിയ നേതാവായിരുന്നു. മടങ്ങിപ്പോകുന്നവരോടു അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങളോടു അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു ചേദിക്കുന്നു, ശത്രു പൂർണ ശക്തിയോടും പൂർണ കഴിവോടുംകൂടി നമ്മുടെ ജനതയ്ക്കെതിരിൽ നിൽക്കുന്ന കൃത്യമായ ഈ നേരത്ത് സ്വന്തം നബിയോടും സ്വന്തം ജനതയോടും വഞ്ചനകാണിക്കുന്നത് നിങ്ങൾക്കു ചേർന്നതാണോ? അവർ പറഞ്ഞു: നിങ്ങൾ യുദ്ധം ചെയ്യാൻ പോകുകയാണെന്ന് ഞങ്ങളറിഞ്ഞിരുന്നെങ്കിൽ നിങ്ങളോടൊപ്പം ഒരിക്കലും ഞങ്ങൾ വരുമായിരുന്നില്ല. യുദ്ധം തുടങ്ങിയവയൊന്നും ഉണ്ടാകുകയില്ലെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. ഇങ്ങനെ അവർ വ്യക്തമായും മടങ്ങിപ്പോകുകയാണെന്ന് വിളംബരം ചെയ്തു. വാസ്തവത്തിൽ വളരെ തയ്യാറെടുപ്പോടെയാണ് അവർ വന്നത്. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് പറഞ്ഞു: അല്ലാഹുവിന്റെ ശത്രുക്കളേ!അല്ലാഹു നിങ്ങളെ നശിപ്പിക്കുമാറാകട്ടെ. എത്രയും പെട്ടെന്ന് അല്ലാഹു തന്റെ നബിയെ നിങ്ങളിൽനിന്ന് സ്വതന്ത്രനാക്കുന്നതാണ്.

ഒരുനിവേദനത്തിലുണ്ട്. അല്ലാമ ഇബ്നു ജൗസി ഇങ്ങനെയെഴുതി:ബനൂസലമ ഗോത്രവും ബനൂഹാരിഥ ഗോത്രവും അബ്ദുല്ലാഹ് ബിൻ ഉബയ്യ് കലാപമുണ്ടാക്കുന്നതു കണ്ടപ്പോൾ അവരും മടങ്ങിപ്പോകാനാഗ്രഹിച്ചു. ഈ രണ്ടുഗോത്രങ്ങളും സൈന്യത്തിന്റെ ഇരുവശത്തുമുള്ളവരായിരുന്നു. എന്നാൽ, അല്ലാഹു ഇക്കൂട്ടരെ ഈ പാപത്തിൽനിന്ന് രക്ഷപ്പെടുത്തി. മടങ്ങിപ്പോകാനുള്ള ആഗ്രഹം അവരുപേക്ഷിച്ചു. അപ്പോഴാണ് അല്ലാഹു ഈ ആയത്തിറക്കിയത്: ഇദ് ഹമ്മത്ത്ത്ത്വാഇഫത്താനി മിൻകും അൻ തഫ്ശലാ വല്ലാഹു വലിയ്യുഹുമാ വ അലല്ലാഹി ഫൽയത്തവക്കലിൽമുഅ്മിനൂന (3:123)നിങ്ങളിൽനന്നുള്ള രണ്ടുകൂട്ടർ ഭീരുത്വം കാണിക്കാൻ ഒരുമ്പെട്ട സന്ദർഭവും (സ്മരിക്കുക). എന്നാൽ, അല്ലാഹു അവർ രണ്ടുകൂട്ടരുടേയും മിത്രമായിരുന്നു. സത്യവിശ്വാസികൾ (എല്ലാ കാര്യങ്ങളും)അല്ലാഹുവിൽത്തന്നെ ഭരമേൽപിക്കേണ്ടതാണ്.

അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റേയും അയാളുടെ 300 കൂട്ടുകാരുടെയും ഈ വഞ്ചനയ്ക്കുശേഷം നബി(സ)തിരുമേനിയുടെ കൂടെ അവശേഷിച്ചത് 700 പേർ മാത്രമായിരുന്നു. അബുദുല്ലാഹ് ബിൻ ഉബയ്യ് മടങ്ങിപോയപ്പോൾ അൻസ്വാർ നബി(സ) തിരുമേനിയോടു ചോദിച്ചു:യാ റസൂലല്ലാഹ്!യഹൂദികളിൽ നമ്മുടെ സുഹൃത്തുക്കളും സഹായികളുമായവരിൽനിന്ന് ഈ സന്ദർഭത്തിൽ സഹായം തേടിക്കൂടേ? അവർ മദീനയിലുള്ള യഹൂദികളെ അതായത് ബനൂഖുറയ്ള്വയിലുണ്ടായിരുന്ന യഹൂദികളെയായിരിക്കും ഉദ്ദേശിച്ചിട്ടുണ്ടാകുക. കാരണം ബനൂഖുറയ്ള്വയിലെ യഹൂദികൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ സുഹൃത്തുക്കളായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ് ഔസ് ഗോത്രത്തലവനായിരുന്നു. ചില ഉലമാ മുഹാജിരീങ്ങൾക്കിടയിൽ ഹദ്റത്ത് അബൂബക്കറിനുണ്ടായിരുന്ന സ്ഥാനമാണ് അൻസ്വാറിന്നിടയിൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദിനുണ്ടായിരുന്നതെന്ന് രേഖപ്പെടുത്തുന്നു. അൻസ്വാറിന്റെ ഈ ചോദ്യത്തിനുത്തരമായി നബി(സ)തിരുമേനി നമുക്ക് അവരുടെ സഹായത്തിനാവശ്യമില്ലെന്ന് മാത്രമാണ് പറഞ്ഞത്. (സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 301, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് ത്ത്, പേജ് 167. സവാർ അക്കാഡമി കറാച്ചി)

ഇതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബും എഴുതിയിട്ടുണ്ട്:രണ്ടാം ദിവസം അതായത് ഹിജ്റ 3 ശവ്വാൽ 15-ന് അതായത് ക്രിസ്ത്വബ്ദം 624 മാർച്ച് 31 ന് ശനിയാഴ്ച ഇടയത്താഴ സമയത്ത് ഇസ്ലാമിക സൈന്യം മുന്നോട്ടു നീങ്ങി. വഴിയിൽവച്ച് നമസ്കരിച്ചുകൊണ്ട് സ്വബ്ഹി യായുടനെ ഉഹുദിന്റെ താഴ്വരയിലെത്തി. ഈ നേരത്ത് ദുസ്വഭാവിയായ കപടവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ ബിൻ സുലൂൽ വഞ്ചനകാണിക്കുകയും തന്റെ 300 കൂട്ടുകാരോടൊപ്പം മുഹമ്മദ്(സ)താൻ പറഞ്ഞ കാര്യം കേട്ടില്ല, പരിചയമില്ലാത്ത യുവാക്കളുടെ വാക്കുകളിലകപ്പെട്ട് പുറത്തു വന്നു, അതുകൊണ്ട്

(തുടരും)

(പേജ് 1 ൽനിന്ന്)

സ്ഥാനവുമല്ല ചർച്ച. പ്രത്യുത അല്ലാഹു പറയുന്നത് ഹദ്റത്ത് മസീഹിൽ അത്യത്ഭുതകരമായ ഒരുകാര്യവുമില്ലെന്നാണ്. ക്രിസ്ത്യാനികൾ ഹദ്റത്ത് മസീഹിന് അസാധാരണമായ മഹത്ത്വം നല്കുകയും അദ്ദേഹത്തിൽ ചില സൽസ്വഭാവം പ്രത്യേകമായി കാണുന്നുവെന്ന് പറയുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു അക്കാര്യങ്ങൾ നിഷേധിച്ചു. ഈ എല്ലാ ഗുണങ്ങളും ഹദ്റത്ത് യഹ്യായിലുമുണ്ടെന്ന് പറയുകയും ചെയ്തു. ഇക്കാര്യങ്ങൾകൊണ്ട് നിങ്ങൾ ഹദ്റത്ത് ഈസായ്ക്ക് മഹത്ത്വം നല്കുന്നെങ്കിൽ യഹ് യായ്ക്ക് എന്തുകൊണ്ട് മഹത്ത്വം നല്കുന്നില്ല?(തഫ്സീർ കബീർ വാള്യം 1, പേജ് 148, പ്രസാധനം 2010 ഖാദിയാൻ)

---

(പേജ് 7 ൽനിന്ന്)

യിരുന്നത്. അല്ലാഹു അങ്ങക്ക് വിജയം നൽകി. ഇന്ന് നമ്മൾ എണ്ണത്തിൽ ഒരുപാട് ആളുകളുണ്ട്.

ഇയാസ് ബിൻ ഔസ് ബിൻ അതീഖ് പറഞ്ഞു: ബനൂ അബ്ദുൽ അശ്അൽ ആഗ്രഹിക്കുന്നത് സ്വപ്നത്തിൽ പശുക്കൾ അറുക്കപ്പെടുന്നതായി കണ്ടത് തങ്ങൾ ആയിരിക്കണമെന്നാണ്. അവർ പറഞ്ഞു: പ്രസ്തുത പശുക്കൾ ഞങ്ങളാകണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്. അവരെ കൂടാതെ ഉള്ളവർ പറഞ്ഞു: ഈ രണ്ടു നല്ല കാര്യങ്ങളിൽ ഒന്നു വിജയവും മറ്റൊന്ന് ശഹാദത്തുമാണ്. നമ്മുടെ വീടുകളിൽ പ്രവേശിക്കാമെന്ന് അറബികൾ മനക്കോട്ട കെട്ടേണ്ടതില്ല. ഹദ്റത്ത് ഹംസത്ത്(റ) പറഞ്ഞു: അങ്ങക്ക് ഗ്രന്ഥം ഇറക്കിതന്നവനാണ! ഏതുവരെ മദീനക്ക് പുറത്ത് പോയി എന്റെ വാളുകൊണ്ട് അവരുമായി യുദ്ധം ചെയ്യാൻ കഴിയുന്നില്ലയോ അതുവരെ ഞാനിന്ന് ഭക്ഷണം കഴിക്കുന്നതല്ല. അങ്ങനെ അദ്ദേഹം വെള്ളിയും ശനിയും നോമ്പിൽത്തന്നെ കഴിച്ചുകൂട്ടി. അദ്ദേഹം ശഹീദാക്കപെടുമ്പോൾ നോമ്പുള്ള അവസ്ഥയിലായിരുന്നു.(കിതാബുൽമഗാസി ലിൽവാഖ്ദി വാള്യം 1, പേജ് 194)

നുഅ്മാൻ ബിൻ മാലിക്ക് പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങളെ സ്വർഗത്തിൽനിന്ന് അകറ്റരുതേ. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. നബി(സ)തിരുമേനി ചോദിച്ചു. അതെങ്ങനെ? അദ്ദേഹം പറഞ്ഞു:കാരണം ഞാൻ അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു: അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലന്നും മുഹമ്മദ് (സ)അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ യുദ്ധദിവസം പിന്തിരിഞ്ഞോടുന്നതല്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നീ പറഞ്ഞത് സത്യമാണ്. അദ്ദേഹവും ഈ യുദ്ധത്തിൽ ശഹീദായി. മാലിക് ബിൻ സിനാൻ ഖുദ്രിയും ഇയാസ് ബിൻ അത്തീഖും മറ്റൊരു സംഘവും യുദ്ധത്തിന് പോകാൻ നല്ലപോലെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. (സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 186, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ പറയുന്നു: നബി(സ)തിരുമേനി മുസ്ലിമീങ്ങളെ ഒരുമിച്ചുകൂട്ടി ഖുറയ്ശികളുടെ ആക്രമണത്തെ കുറിച്ച് അഭിപ്രായമാരാഞ്ഞു. മദീനയിൽത്തന്നെ നിന്നാണോ അതല്ല പുറത്തിറങ്ങി യാണോ അവരെ നേരിടേണ്ടത്? അഭിപ്രായം ചോദിക്കുന്നതിനു മുമ്പേ നബി(സ)തിരുമേനി ഖുറയ്ശികളുടെ ആക്രമണത്തെയും അവരുടെ രക്തദാഹത്തെയും കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് പറഞ്ഞു: ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. തുടർന്ന് ഞാൻ ഇപ്പോൾ വിവരിച്ച സ്വപ്നം നബി(സ)തിരുമേനി കേൾപ്പിച്ചു. സ്വഹാബാക്കൾ അതിന്റെ വ്യാഖ്യാനം ചോദിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 18 January 2024 Issue-3

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പശു അറുക്കപ്പെട്ടതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത് എന്റെ ചില സ്വഹാബാക്കൾ ശഹീദാക്കപ്പെടുമെന്നാണ്. എന്റെ വാളിന്റെ വായ്ത്തല പൊട്ടിയതുകൊണ്ടുള്ള വിവക്ഷിതം എന്റെ കുടുംബക്കാരിലാരെങ്കിലും ശഹീദാകുന്നതിനെ കുറിച്ചാണ് സൂചന എന്ന് ഞാൻ കരുതുന്നു. അതല്ലെങ്കിൽ എനിക്കുതന്നെയും എന്തെങ്കിലും പ്രയാസങ്ങൾ നേരിട്ടേക്കാം. പടച്ചട്ടക്കുള്ളിൽ കൈയിട്ടതിന്റെ വിവക്ഷിതം ഈ യുദ്ധത്തിൽ നമ്മൾ മദീനക്കുള്ളിൽത്തന്നെ നിൽക്കുന്നതാണ് ഉചിതമെന്ന് ഞാൻ കരുതുന്നു. ചെമ്മരിയാടിന്റെ പുറത്ത് യാത്ര ചെയ്തതിന്റെ വിവക്ഷിതം കാഫിരീങ്ങളുടെ സൈന്യാധിപൻ അല്ലെങ്കിൽ ധ്വജവാഹകൻ മുസ്‌ലിമീങ്ങളുടെ കൈകളാൽ കൊല്ലപ്പെടുമെന്നാണ്. തുടർന്ന് നബി(സ)തിരുമേനി അവരോട് അഭിപ്രായം ചോദിച്ചുകൊണ്ട് പറഞ്ഞു: ഈ ഒരു സാഹചര്യത്തിൽ നമ്മളെന്താണ് ചെയ്യേണ്ടത്? നേരത്തെ പറഞ്ഞതുപോലെ സ്വഹാബാക്കൾ അഭിപ്രായം നൽകുകയുണ്ടായി. നബി(സ)തിരുമേനിയുടെ സ്വപ്നത്തിൽ ആകൃഷ്ടരായിക്കൊണ്ട് മദീനയിൽനിന്നുതന്നെ യുദ്ധം ചെയ്യാമെന്ന് പറഞ്ഞു. നബി(സ)തിരുമേനിക്കും പ്രസ്തുത അഭിപ്രായംതന്നെയാണ് ഇഷ്ടപ്പെട്ടത്. എന്നാൽ, ഭൂരിഭാഗം സ്വഹാബാക്കളും പ്രത്യേകിച്ചും അവരിലുണ്ടായിരുന്ന ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാത്ത യുവാക്കൾ തങ്ങളുടെ ശഹാദത്തുകൊണ്ട് ദീനീ സേവനം ചെയ്യാനുള്ള അവസരം കിട്ടുന്നതിന് ആവേശത്തിലായിരുന്നു. അവർ ശാഠ്യംപിടിച്ചുകൊണ്ട് പട്ടണത്തിന് പുറത്ത് തുറസായ മൈതാനത്തവെച്ച് യുദ്ധം ചെയ്യണമെന്ന് അപേക്ഷിക്കുകയുണ്ടായി. അവർ എത്ര മാത്രം നിർബന്ധം കാണിച്ചുവെന്നാൽ അവർ സമർപ്പിച്ച അഭിപ്രായവും ആവേശവും കണ്ടുകൊണ്ട് നബി(സ)തിരുമേനി അവരുടെ അഭിപ്രായം സ്വീകരിക്കുകയും കാഫിരീങ്ങളുമായി തുറന്ന മൈതാനത്തുവച്ച് യുദ്ധം ചെയ്യുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജുമുഅ നമസ്കാരത്തിനുശേഷം നബി(സ)തിരുമേനി അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിനെ കുറിച്ച് പൊതു ആഹ്വാനം ചെയ്തുകൊണ്ട് ഈ യുദ്ധത്തിൽ പങ്കാളികളായി പുണ്യം കരസ്ഥമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 484-485)

ഇതിന്റെ ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഫലസ്തീനികൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. താൽക്കാലികമായ യുദ്ധ നിറുത്തലിനുശേഷം വീണ്ടും അവർക്കുമേൽ ഒരുമടിയും കൂടാതെ ബോംബ് വാർഷിക്കുന്നതാണ്. വീണ്ടും നിരപരാധികൾ ശഹീദാക്കപ്പെടും. എത്ര വലിയ ആക്രമണം ആയിരിക്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഇവരുടെ ഭാവിയെ കുറിച്ച് വൻ ശക്തികളുടെ ഉദ്ദേശ്യങ്ങൾ വളരെ ഭയാനകമാണ്. അതുകൊണ്ട് അവർക്കുവേണ്ടി ഒരുപാട് ദുആകൾ ചെയ്യേണ്ടിയിരിക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

---

**(ഖുത്ബ ജുമുഅ 2023 നവംബർ 24(കഴിഞ്ഞലക്കം)പേജ് 12, കോളം 2-ൽനിന്ന് തുടർച്ച....)**

മാർഷൽ ഐലന്റ് തികച്ചും ഒരു അമേരിക്കൻ ദ്വീപാകുന്നു. അവിടെയുള്ള മുബല്ലിഗ് എഴുതുന്നു: ഹറമുൽ അജർ സാഹിബ് ആ കോളേജിൽ അധ്യാപകനായിരുന്നു. മുബല്ലിഗ് സാഹിബ് അദ്ദേഹത്തെ ബന്ധപ്പെട്ടു. വിശുദ്ധഖുർആനിലെ ഒരു ആയത്ത് മാർഷേലി ഭാഷയിൽ തർജമ ചെയ്യിക്കണമായിരുന്നു. തർജമ ചെയ്യിക്കാൻ അദ്ദേഹത്തിന്റെ അടുക്കൽപോയി. അത് വിശുദ്ധഖുർആനിലെ ആയത്താണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം പരിഭ്രമിക്കുകയുണ്ടായി. ഇസ്‌ലാം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തികച്ചും പുതുതായിരുന്നു. പറയുന്നു: ഏതെങ്കിലും മതകാര്യങ്ങൾ തർജമ ചെയ്യുന്നതിൽ എനിക്ക് ഭയമുണ്ട്. പ്രത്യേകിച്ചും ഖുർആനും ബൈബിളിനുമിടയിൽ വലിയ ഭിന്നതകളുണ്ട്. ഏതായാലും അദ്ദേഹം തർജമ ചെയ്തു. ഏതാനും മാസങ്ങൾക്കുശേഷം ഞാൻ അദ്ദേഹത്തിൽനിന്ന് മാർഷേലി ഭാഷ പഠിക്കാൻ തുടങ്ങി. അദ്ദേഹം ഭാഷ പഠിപ്പിക്കാൻ മസ്ജിദിൽ വന്നിരുന്നു. ഇതിനിടയിൽ പല പ്രാവശ്യം ഇസ്‌ലാമിനെപറ്റിയും സംസാരമുണ്ടായി. നബി(സ) തരുമേനിയുടെ അധ്യാപനങ്ങളെപറ്റി പരിചയപ്പെടുത്തിക്കൊടുത്തു. അങ്ങനെ അദ്ദേഹം ഇസ്‌ലാമിക പാഠങ്ങളെപറ്റി നല്ലപോലെ മനസ്സിലാക്കി. അധികനാൾ കഴിയുന്നതിനുമുമ്പേ, ഞാൻ മുബല്ലിഗ് സാഹിബിനോട് മാർഷൽ ഐലന്റ് നിവാസികൾക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൃതിയായ നമ്മുടെ അധ്യാപനങ്ങൾ മാർഷേലി ഭാഷയിൽ തർജമ ചെയ്യാൻ നിർദ്ദേശം നൽകുകയുണ്ടായി. കാരണം നവഅഹ്മദികൾക്ക് തർബിയ്യത്തിന്റെ നല്ല ആവശ്യമുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ വീണ്ടും അദ്ദേഹത്തോട് ഇത് സംബന്ധിച്ച് സംസാരിച്ചു. അദ്ദേഹം സഹായിക്കാമെന്നേറ്റു. ഇപ്പോൾ അദ്ദേഹം പറയുന്നു: ഇസ്‌ലാമിനെപറ്റി അദ്ദേഹത്തിന്റെ നിലപാട് തന്നെ മാറിയിരിക്കുന്നു. ഇത്തവണ അദ്ദേഹം തന്റെ ജോലി സംബന്ധമായ പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിച്ചിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പ്രാർഥിക്കുക. പക്ഷേ, ഈസാ(അ)യോടല്ല, മറിച്ച് അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യുക. അങ്ങനെ അദ്ദേഹം ദുആ ചെയ്തുകൊണ്ടിരുന്നു. ഏതാനും ആഴ്ചകൾക്കുശേഷം സാംസ്കാരിക മന്ത്രാലയം അദ്ദേഹത്തിന് പുതിയൊരു ഡിപ്പാർട്ടുമെന്റ് തുടങ്ങി അദ്ദേഹത്തിന്റെ ഫീൽഡിൽത്തന്നെ ജോലി നൽകുകയുണ്ടായി. അദ്ദേഹം അപേക്ഷിച്ച അതേ സ്ഥലത്തുതന്നെ ജോലി കിട്ടി. അദ്ദേഹം പറയുന്നു: ഇപ്പോൾ ഞാൻ പ്രാർഥിക്കുമ്പോൾ ഈസാ(അ)ന്റെ നാമം ഉച്ചരിക്കുന്നതിൽനിന്ന് ഞാൻ എന്നെ തടയുന്നു. മറിച്ച് ഞാൻ അല്ലാഹുവിനോടാണ് പ്രാർഥിക്കുന്നത്. ഏതാനും ദിവസങ്ങൾക്കകം അദ്ദേഹത്തിന്റെ ജോലിക്ക് അംഗീകാരവും ലഭിച്ചു. ദുആ സ്വീകാര്യതയുടെ ഈ അടയാളവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ വായിക്കുകയും ചെയ്തപ്പോൾ ലാജർ സാഹിബ് ബയ്അത്ത് ചെയ്തു. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ നമ്മുടെ അധ്യാപനങ്ങളുടെ മാർഷേലി ഭാഷയിലുള്ള തർജമയും പൂർത്തിയായിരിക്കുന്നു.

എങ്ങനെയാണ് അല്ലാഹു ജനഹൃദയങ്ങളെ ഇസ്‌ലാമിലേക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്കും തിരിക്കുന്നതെന്ന് നോക്കുക. ക്രിസ്ത്യാനികൾ ലോകത്ത് തങ്ങളുടെ പതാക നാട്ടുമെന്ന് പറഞ്ഞ കാലമെവിടെ? ഇപ്പോൾ ക്രിസ്ത്യാനികൾ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പതാകക്ക് കീഴിൽ വരികയാണ്. ഇതെല്ലാം കാണുമ്പോഴും മതത്തിന്റെ കൊട്ടേഷൻ എടുത്തിട്ടുള്ള ഇവരുടെ കണ്ണുകൾ തുറക്കുന്നില്ലെങ്കിൽപ്പിന്നെ കാര്യങ്ങൾ അല്ലാഹുവുമായിട്ടാണ്.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളമെത്തിക്കാനുള്ള കർത്തവ്യം അഹ്മദിയ്യാ ജമാഅത്ത് മുഖേന നടത്തിക്കൊണ്ടിരിക്കുന്നു. അത് ഇൻശാഅല്ലാഹ് പരക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നതാണ്. ഈ ദൈവിക പ്രവർത്തിയെ തടയാൻ ആർക്കും സാധ്യമല്ല. എന്നാൽ, ഓരോ അഹ്മദിയും മനസ്സിലാക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ അംഗീകരിക്കുകയും ചെയ്താൽ മാത്രം പോരാ. മറിച്ച് നമുക്കുള്ളിൽ പരിശുദ്ധമാറ്റം ഉണ്ടാക്കേണ്ടതാണ്. അത് അല്ലാഹു അയച്ച അധ്യാപനത്തിന്റെ യഥാർഥ മാതൃകയായിരിക്കണം. അത് നബി(സ)തിരുമേനിയുടെ ചര്യയിൽ ചരിക്കുന്നതിന്റെ കർമരൂപമായിരിക്കണം. ഇതുണ്ടാകുമ്പോൾ മാത്രമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകാനും കഴിയുകയുള്ളൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഫലസ്തീനികൾക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അവർക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമത്തിൽനിന്ന് അവർക്ക് മോചനം നൽകുമാറാകട്ടെ. അവശ്യസാധനങ്ങൾ എത്തിക്കുന്നിനുവേണ്ടി ഇപ്പോൾ ഏതാനും ദിവസങ്ങൾ യുദ്ധം നിറുത്തുകയാണെന്ന് പറയുന്നു. എന്നാൽ, അതിനുശേഷം എന്തായിരിക്കും അവസ്ഥ? സഹായം എത്തിച്ചതിനുശേഷം വീണ്ടും അവരെ അടിക്കുന്നതാണ്. ഇസ്റായീലി ഭരണകൂടത്തിന്റെ ലക്ഷ്യങ്ങൾ ഭയാനകമായി തോന്നുന്നു. കഴിഞ്ഞ ദിവസം അവരുടെ സർക്കാറിന്റെ ഒരു പ്രധാന ഉപദേശകൻ പറഞ്ഞത് യുദ്ധം നിറുത്തിയതിനുശേഷം വീണ്ടും ഉടൻ തന്നെ യുദ്ധം ആരംഭിച്ചില്ലെങ്കിൽ സർക്കാരിൽനിന്ന് ഒഴിഞ്ഞുപോകുമെന്നാണ്. ഇതാണ് അവരുടെ ചിന്താഗതി. വലിയ ശക്തികൾ പ്രത്യക്ഷത്തിൽ സഹാനുഭൂതി പ്രകടിപ്പിക്കുന്നുവെങ്കിലും നീതി നടപ്പാക്കാൻ ആഗ്രഹിക്കുകയോ ഈ വിഷയത്തെ അവധാനതയോടെ എടുക്കാൻ തയ്യാറാകുകയോ ചെയ്യുന്നില്ല. ഇതെല്ലാം ഇവിടെ ഒതുങ്ങുമെന്ന് അവർ കരുതുന്നു. എന്നാൽ ബുദ്ധിയുള്ളവർ പറയുന്നു: ഈ യുദ്ധം ഈ പ്രദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, പുറത്തേക്കും വ്യാപിക്കുന്നതാണ്. അവരുടെ രാഷ്ട്രങ്ങളിലേക്കുമെത്തുന്നതാണ്. മുസ്‌ലിം രാഷ്ട്രങ്ങൾ സംസാരിക്കാൻ തുടങ്ങിയിട്ടുണ്ട്. സഊദി രാജാവ്, മുസ്‌ലിമീങ്ങൾ ഒരൊറ്റ ശബ്ദമാകണമെന്ന് പറഞ്ഞത് കേട്ടു. അത് ഇന്ന് ഒരൊറ്റ ശബ്ദമായി മാറണം. അതിനുവേണ്ടി നല്ലപോലെ പരിശ്രമിക്കേണ്ടതായി വരും. ഈ ബോധം അവർക്കുണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹു അവർക്ക് അത് പ്രാവർത്തികമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ഏതായാലും ദുആകളിൽ കൂടുതൽ ശ്രദ്ധിക്കുക.(വിവർത്തനം:ശംസുദ്ദീൻ കാവശ്ശേരി)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin